# ജാമക്കാരൻ
# JAMAKKARAN

**VOLUME - 2** **Reg NO.TNBIL/2016/70171** **ISSUE - 4**

**APRIL 2018 TAMIL & MALAYALAM**

**ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=**


ജാമക്കാരൻ JAMAKKARAN

**(ജാമക്കാരനിൽ)** സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).
ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15) (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).

0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com



കർത്താവിൽ പ്രിയ വായനക്കാർക്ക് സ്നേഹവന്ദനങ്ങൾ,

ഈ മാസങ്ങളിൽ നാം ചിന്തിച്ചും ധ്യാനിച്ചും വരുന്നതുപോലെ കർത്താവ് മരിച്ചു; പക്ഷേ സദാകാലത്തേയ്ക്കും നമ്മോടൊപ്പം ജീവിക്കുവാനായി താൻ ഉയിർത്തെഴുന്നേറ്റു. ആകയാൽ കർത്താവിനെ സ്വീകരിച്ച നാമും ജീവന്റെ പുതക്കത്തിനായി അവനോടൊപ്പം ജീവിക്കുന്നു.

നമ്മുടെ മക്കൾക്ക് ഇത് പരീക്ഷാകാലമാണ്. അവർ പഠിച്ചത് നന്നായി കൃത്യസമയത്ത് തന്നെ എഴുതാൻ പ്രാർത്ഥിക്കുന്നു.

**അവധിക്കാലം :** പരീക്ഷകൾക്കുശേഷം നീണ്ട അവധിക്കാലമാണ്. ഈ അവധിക്കാലം പ്രയോജനമുള്ളതാക്കിത്തീർക്കാൻ വി.ബി.എസ്, യൂത്ത് ക്യാമ്പുകൾ, പുസ്തകവായന (Spiritual Books), ഇവയെല്ലാം അവരുടെ ജീവിതത്തിൽ ആത്മീക മാറ്റം വരുത്തും.

**വി.ബി.എസ് :** എല്ലാറ്റിലുമുപരി അവരെ ദൈവവുമായി ബന്ധപ്പെടുത്തുക. അതിന് ദൈവം കൃപയാൽ നല്കിയിട്ടുള്ള ഒരവസരമാണ് വി.ബി.എസ്. വി.ബി.എസിൽ തീർച്ചയായും നിങ്ങളുടെ മക്കളെ പങ്കെടുപ്പിക്കുക. അവിടെ വെച്ച് അവർ കർത്താവിനെ കണ്ടുമുട്ടും; കർത്താവായി അംഗീകരിക്കും! നിങ്ങളുടെ അയൽപ്പക്കത്തുള്ള കുഞ്ഞുങ്ങളെയും മക്കളുടെ സഹപാഠികളെയും നിങ്ങളുടെ മക്കളോടൊപ്പം വി.ബി.എസിൽ

പങ്കെടുപ്പിക്കുക. അവരും കർത്താവിനെ അറിയട്ടെ! ഇന്ന് നടക്കുന്ന ഏതു ശുശ്രൂഷയെക്കാളും ഏറ്റവും വലുതാണ് കുഞ്ഞുങ്ങളുടെ ഇടയിൽ നടക്കുന്ന ശുശ്രൂഷകൾ. കുഞ്ഞുനാളിൽ പഠിക്കുന്നതാണ് ഒരിക്കലും മറക്കാതിരിക്കുന്നത് (ചൊട്ടയിലെ ശീലം ചുടല വരെ!) കർത്താവിൽ വളരുവാനും, കർത്താവിനായി ജീവിയ്ക്കുവാനും, കർത്താവിനായി ശുശ്രൂഷിക്കുവാനും ഇന്നത്തെ വചനങ്ങൾ അവരെ സഹായിക്കും.

വി.ബി.എസിലെ **അദ്ധ്യാപകരും** രക്ഷിക്കപ്പെടേണ്ടതുണ്ട്. അവർ രക്ഷിക്കപ്പെട്ടാൽ വചനത്തിലും പഥ്യോപദേശത്തിലും വളരും. സഭ ആത്മീയസഭയായി മാറും.

**യുവജനങ്ങൾക്കുള്ള ശുശ്രൂഷകൾ :** ജാമക്കാരൻ വായനക്കാരുടെ യുവജനങ്ങളായ മക്കളെ നല്ല ആത്മീയ ക്യാമ്പുകൾക്കു അയക്കുക. ആൺ/പെൺ കുട്ടികളെ ചേർത്ത് നടത്തുന്ന ക്യാമ്പുകൾക്ക് അയക്കേണ്ട. പക്ഷേ, കരിസ്മാറ്റിക് പ്രാർത്ഥനക്കാരും നേതാക്കളും നടത്തുന്ന യുവജന ക്യാമ്പുകൾക്കു ഒരു കാരണവശാലും നിങ്ങളുടെ മക്കളെ അയക്കരുത്.

അവധി ദിവസങ്ങളിൽ യുവതി യുവാക്കൾക്കു വേണ്ടി **ഡോ.ലില്ലിയൻ സ്റ്റാൻലി,** (MBBS, DCH), അവരുടെ ഭർത്താവ് **Bro.R.സ്റ്റാൻലി** (BYM, Blessing Youth Mission, Vellore) ഇവർ തമിഴ്നാട്ടിൽ സിത്തേരി മല എന്ന സ്ഥലത്ത് ഓരോ വർഷവും യുവതികൾക്ക് 4 ദിവസം, യൂവാക്കൾക്ക് 4 ദിവസം വീതം ക്യാമ്പുകൾ നടത്തുന്നുണ്ട്.

അതിൽ അനേകം യുവജനങ്ങൾ രക്ഷിക്കപ്പെട്ട വിവരം എനിക്കറിയാം. അതുപോലെ FMPB മിഷനറി സ്ഥാപനവും ഡോ.മുരളിധർ അവർകൾ ആരംഭിച്ച YCF സംഘടന വഴിയും ധാരാളം പേർ രക്ഷിക്കപ്പെട്ടിട്ടുണ്ട്.

ഇതിന്റെ തിയതിവിവരം അറിഞ്ഞ് പെൺകുട്ടികളെ അയയ്ക്കുമ്പോൾ ഒറ്റയ്ക്ക് അയയ്ക്കാതെ, രണ്ടോ മൂന്നോ കൂട്ടുകാരികളോടൊപ്പം അയയ്ക്കുന്നത് നല്ലതായിരിക്കും. ഈ പ്രായത്തിൽ കുട്ടികൾ മാനസാന്തരപ്പെട്ടാൽ മാതാപിതാക്കൾക്ക് വലിയ ആശ്വാസം ലഭിക്കും. എന്റെ രണ്ടു മക്കളും ഇങ്ങനെയുള്ള യോഗത്തിലാണ് മാനസാന്തരപ്പെട്ടത്.

**നിരന്തര പ്രാർത്ഥന :** ഓരോ നാളും നമ്മുടെ മക്കളെ വിദ്യാലയങ്ങൾക്കു അയച്ചശേഷവും ഇതുപോലുള്ള ക്യാമ്പുകൾക്കു അയച്ചശേഷവും കഴിയുമെങ്കിൽ ഉപവസിച്ച് പ്രാർത്ഥിക്കുക. നിങ്ങളുടെ ശ്രദ്ധയേറിയ പ്രാർത്ഥന അവരെ മാനസാന്തരത്തിലേയ്ക്കും രക്ഷയി ലേയ്ക്കും വഴിനടത്തും.

ഇന്നത്തെ ഏറ്റവും വലിയ പ്രശ്നം വഴിതെറ്റിയ യുവതലമുറയാണ്. അനുസരണയില്ലാത്ത, തോന്ന്യാവാസക്കാരായ, തന്റേടികളായ, നിഷേധികളായ, മദ്യത്തിനും മയക്കുമരുന്നിനും അടിമകളായ, നിയമവ്യവസ്ഥയെ വെല്ലുവിളിക്കുന്ന, കൊല്ലും കൊലയും നട ത്തുന്ന യുവജനങ്ങളെക്കൊണ്ട് നിറഞ്ഞിരിക്കുന്നു. ഭൂരിപക്ഷം യുവജനതയും

സാത്താന്റെ കയ്യിലെ ആയുധങ്ങളാണ്. സാത്താൻ ഇന്നത്തെ യുവജനങ്ങളെക്കൊണ്ട് തന്റെ ആവനാഴി നിറച്ചിരിക്കുന്നു. അവരെ വചനത്തിലൂന്നി വഴിനടത്തിയാൽ മാത്രമേ ദൈവഭയവും, മാതാപിതാക്കളെ ബഹുമാനിക്കുന്നവരും സഹോദരങ്ങളെ സ്നേഹിക്കുന്നവരായും തീരുകയുള്ളൂ. നിങ്ങളുടെ മക്കൾക്കായി ഞാനും പ്രാർത്ഥിക്കുന്നു.

ഈ ലക്കത്തിൽ വചനവിരുദ്ധമായ ആഘോഷങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും വിവരങ്ങൾ നല്കിയിട്ടുണ്ട്. പ്രാർത്ഥനയോടെ, രണ്ടോ മൂന്നോ പ്രാവശ്യം വായിക്കുക. സത്യം നിങ്ങൾ മനസ്സിലാക്കും; സത്യം നിങ്ങളെ സ്വതന്ത്രരാക്കും.

സമൂഹത്തിൽ ഇന്ന് ഏറെ പെരുകി വരുന്ന അനേകം തിന്മകളിൽ ഒന്നായ ആത്മഹത്യയെക്കുറിച്ച് ഒരു ലേഖനവും ഉണ്ട്. ആത്മഹത്യ–അതിന്റെ കാരണങ്ങൾ, പരിഹാരങ്ങൾ എന്നിവയും എഴുതിയിരിക്കുന്നു. വായിക്കുക; അനേകർക്കു വായിക്കാൻ നല്കുക.

ഈ വേനൽക്കാലത്തും കൃപയുടെ ശീതളിമ നിങ്ങളെ നയിക്കട്ടെ!

കർത്തൃശുശ്രൂഷയിൽ

**ഡോ.പുഷ്പരാജ്**

# ONLINE BANKING

If you want send your gift contributions through NET Transfer we give the A/C details for your ready reference:

**A/c Name : Dr. M.G.E.PUSHPARAJ**

**<u>Overseas Doners:</u>**

**1).Bank Name : State Bank of India Srirangapalayam Branch - SALEM -1970**

**A/c No. 10764116842, Swift code: SBININBB637**

**India Doners:**

**IFSC CODE : SBIN0001970- A/c No.10764116842**

2) **Bank Name: CANARA BANK, Suramangalam Branch - 1219**

**Overseas Doners:**

**SWIFT CODE: CNRBINBBSLM - A/c No. 1219101013622**

**India Doners:**

**IFSC CODE : CNRB0001219 - A/c No. 1219101013622, MICR CODE: 636015005**

# പെരുനാളുകൾ

അപ്പോസ്തലന്മാരാൽ നടത്തപ്പെട്ട ആദിമസഭ ഇന്നു കാണുന്ന പെരുനാളുകളും ഉത്സവങ്ങളും ആചരിപ്പാൻ അനുവദിച്ചിരുന്നില്ല എന്നുമാത്രമല്ല അങ്ങനെ ആചരിപ്പാൻ താല്പര്യപ്പെട്ടവരെ വിലക്കുകകൂടി ചെയ്തിരുന്നു. പൗലോസ് അപ്പോസ്തലൻ കൊലോസ്യ സഭയ്ക്കു ഇതു സംബന്ധിച്ചു എഴുതിയിരിക്കുന്നത് ഇങ്ങനെയാണ് : “ചട്ടങ്ങളാൽ നമുക്കു വിരോധവും പ്രതികൂലവുമായിരുന്ന കയ്യെഴുത്തു മായിച്ചു ക്രൂശിൽ തറച്ചു നടുവിൽ നിന്നു നീക്കിക്കളഞ്ഞു....അതുകൊണ്ട് ഭക്ഷണപാനങ്ങൾ സംബന്ധിച്ചോ പെരുനാൾ, വാവ്, ശബത്ത് എന്നീ കാര്യങ്ങളിലോ ആരും നിങ്ങളെ വിധിക്കരുത്. ഇവ വരുവാനിരുന്നവരുടെ നിഴലത്രെ” (കൊലൊ 2:14–16). പെരുനാൾ, വാവ്, ശബ്ബത്ത് മുതലായി ഉത്സവങ്ങൾ ആഘോഷിക്കുന്നതും ഭക്ഷണപാനാദികൾ വർജ്ജനം അഥവാ നോമ്പ് ആചരിക്കുന്നതും മറ്റുമായ കാര്യങ്ങൾ ന്യായപ്രമാണത്തിൽപ്പെട്ടതായിരുന്നു. അതിന്റെ കയ്യെഴുത്തു ക്രൂശിൽ വച്ചു നീക്കി പുതുനിയമത്തെ കർത്താവ് സ്ഥാപിച്ചിരിക്കുന്നു എന്നും അങ്ങനെ സ്ഥാപിക്കപ്പെട്ട പുതുനിയമസത്യങ്ങളായി ‘വരുവാനിരുന്നവരുടെ നിഴലായി’രുന്ന ആ കാര്യങ്ങൾ **ഇനി ആചരിക്കേണ്ട ആവശ്യമില്ല** എന്നുമാണല്ലോ പൗലോസ് ഇവിടെ സമർത്ഥിച്ചിരിക്കുന്നത്. ആദിമസഭ ഈ സത്യം ഗ്രഹിച്ചിരുന്നു. എന്നാൽ പിൽക്കാലത്തു സഭയുടെ പുന്തുടർച്ചയായി വന്ന ക്രൈസ്തവജനങ്ങൾ ഈ നിലയിൽ നിന്നു ക്രമേണ പുറകോട്ടു പോകയും യഹൂദ കർമ്മാചാരങ്ങളുടെ സ്ഥാനത്തു ജാതികളുടെ ഉത്സവങ്ങളേയും ആചാരങ്ങളേയും അംഗീകരിച്ചു തുടങ്ങുകയും ചെയ്തു.

ജാതികളെ വല്ലവിധേനയും സന്തോഷിപ്പിച്ചു മാർഗ്ഗത്തിലേക്കു ആകർഷിക്കണമെന്നുള്ള ആന്തരത്തിലാണു ക്രിസ്ത്യാനികൾ ജാതികളുടെ ദുരാചാരങ്ങളെ സ്വീകരിച്ചു തുടങ്ങിയത്. ഇതു സാത്താൻ പ്രയോഗിച്ച ഒരു നല്ല തന്ത്രമായിരുന്നു. തന്മൂലം ക്രിസ്ത്യാനികൾ ജാതികളോടുള്ള യോജിപ്പിനെ കരുതി തങ്ങളുടെ വിശ്വാസവിഷയങ്ങളിൽ അയവു കാണിക്കുന്നതിനും ജാതികളുടെ ആചാരങ്ങളെ കുറെയെല്ലാം സമ്മതിച്ചു കൊടുക്കുന്നതിനും അക്കാലങ്ങളിൽ ആരംഭിച്ചിരുന്നു. എ.ഡി.230–നോടു അടുത്തു ജീവിച്ചിരുന്ന ‘തെർത്തുല്യൻ’ തന്റെ കാലത്തുള്ള ക്രിസ്തീയ ശിഷ്യന്മാരുടെ ഇക്കാര്യത്തിലെ അസ്ഥിരതയേയും ജാതികൾ അവരുടെ അന്ധവിശ്വാസങ്ങളിൽ വിശ്വസ്തതയോടു സുസ്ഥിരമായി നിൽക്കുന്നതിനോടും തമ്മിൽ താരമത്യപ്പെടുത്തിയിട്ട് കയ്പേറിയ സങ്കടത്തോടു പറഞ്ഞിരിക്കുന്നതാവിത് : ‘ഒരിക്കൽ ദൈവം സ്വീകരിച്ചിരുന്നതായ ശബ്ബത്തുക്കൾ, അമാവാസികൾ, ഉത്സവങ്ങൾ എന്നിവയോടു യാതൊരു ബന്ധവുമില്ലാത്തവരായ നാം ഇപ്പോൾ ശനിമഹോത്സവം, വർഷാംരംഭങ്ങൾ, മാതാവിന്റെ ഉത്സവം മുതലായവ സന്ദർശിക്കുന്നു;

ആളുകൾ അങ്ങോട്ടും ഇങ്ങോട്ടും ദാനങ്ങൾ അയയ്ക്കുന്നു. പുതുവത്സര സമ്മാനങ്ങൾ വലിയ ശബ്ദത്തോടെ കൊടുക്കുന്നു. കളികളും വിരുന്നുസൽക്കാരങ്ങളും കോലാഹലത്തോടെ നടത്തുന്നു. അഹോ ക്രിസ്ത്യാനികളിൽ നിന്നുള്ള യാതൊരു കർമ്മവും പകർത്താതിരിപ്പാൻ പ്രത്യേകം കരുതലുള്ള ജാതികൾ അവരുടെ മതത്തോട് ഇതിനേക്കാൾ എത്ര വിശ്വസ്തരായിരിക്കുന്നു.'

ഈ രീതിയിൽ സഭയിൽ വിശ്വാസത്യാഗം ശക്തിയായി മുമ്പോട്ടു വ്യാപിച്ചു. പരമാർത്ഥികളായ വിശ്വാസികൾ ഇതിനെ തടുക്കുവാൻ വേണ്ടതു ശ്രമിച്ചു എങ്കിലും സഭയിൽ ഒരു ചെറിയ പങ്ക് ഒഴിച്ചു സഭ മുഴുവൻ ജാതികളുടെ അന്ധവിശ്വാസത്തിൽ മുഴുകുന്നതിനാണിടയായത്. അങ്ങനെ റോമാസഭ കാലക്രമത്തിൽ ജാതികളുടെ പെരുന്നാളുകളേയും അതു സംബന്ധിച്ചുള്ള ദുരാചാരങ്ങളേയും നടപ്പിൽ വരുത്തി. റോമാസഭയിലെ പെരുനാളുകൾ എല്ലാംതന്നെ പുറജാതി മാർഗ്ഗമായിരുന്ന പുരാതന ബാബിലോനിൽ നിന്നുത്ഭവിച്ചവയാണ്. ഇതിനെ തെളിയിപ്പാൻ ഒട്ടനവധിയായുള്ള അവരുടെ പെരുനാളുകളിൽ ക്രിസ്തുമസ്, വചനിപ്പു പെരുനാൾ, ഈസ്റ്റർ തുടങ്ങി ചിലവ നമ്മുടെ ചിന്തയ്ക്കു വിഷയീഭവിപ്പിക്കാമെന്ന് കരുതുന്നു.


**STATEMENT OF OWNERSHIP AND OTHER PARTICULARS ABOUT NEWSPAPER JAMAKKARAN (FORM IV)**

| | | |
|---|---|---|
| 1. Title of the news paper | : | **JAMAKKARAN** |
| 2. Language(s) in which it is published | : | **TAMIL / MALAYALAM** |
| 3. Place of publication | : | 89,Majeeth Street,<br>Old Suramangalam, Salem - 636 005. |
| 4. Periodicity of its publication | : | Monthly |
| 5. Printer's name | : | M.Velu |
| (whether citizen of India) | : | Indian |
| Address | : | P.M.Press<br>168,Arumuga Nagar, Salem-636 005 |
| 6. Publisher & Editor's name | : | **Dr.M.G.E.PUSHPARAJ** |
| (whether citizen of India) | : | Indian |
| address | | 89,Majeeth Street,<br>Old Suramangalam. Salem - 636 005 |

I, **Dr.M.G.E.PUSHPARAJ** hereby declare that the particulars given above are true to the best of my knowledge and belief.

Dated: 1.3.2018

**Dr.M.G.E.PUSHPARAJ**
Signature of Publisher & Editor

# ക്രിസ്തുമസും വചനിപ്പു പെരുനാളും

ക്രിസ്തുവിന്റെ ജനനത്തിൻ സ്മരണയ്ക്കും ആ ദിവസത്തെ ബഹുമാനിക്കുന്നതിനുമായി ഡിസംബർ 25–ാം തിയതി കൊണ്ടാടുന്ന ഒരു പെരുന്നാളാണല്ലോ ക്രിസ്തുമസ്. ഈ ഉത്സവത്തിന് ഡിസംബർ 25–ാം തിയതിയുമായുള്ള സംബന്ധം എന്താണ്? ക്രിസ്തുവിന്റെ ജനനത്തീയതിയെക്കുറിച്ചുള്ള വേദത്തിലെങ്ങും യാതൊരു രേഖയും കാണുന്നില്ല. അത് വർഷത്തിലെ ഏതു ഋതുവിലായിരുന്നു എന്നു തന്നെയും തിരുവചനത്തിൽ എഴുതിയിട്ടില്ല. പുസ്തകത്തിലെ തെളിവുകൾ പരിശോധിച്ചാൽ ഡിംസബർ 25–ാം തിയതി അല്ല എന്നു മനസ്സിലാകത്തക്കവണ്ണമാണിരിക്കുന്നത്.

ഡിസംബർ മാസം യഹൂദ്യനാട്ടിൽ ശീതകാലമാണ്. യേശുവിന്റെ ജനനസമയത്ത് ആട്ടിടയന്മാർ വെളിമ്പ്രദേശത്ത് തങ്ങളുടെ ആട്ടിൻകൂട്ടത്തെ കാവൽ കാത്ത് പാർത്തിരുന്നു എന്നു നാം വായിക്കുന്നുണ്ട്. യഹൂദ്യയിൽ ശീതകാലത്തെ – പ്രത്യേകിച്ചു രാത്രിയിലെ തണുപ്പു നിമിത്തം ഇടയന്മാർ ആടുകളെ കാവൽ കാത്തുകൊണ്ടു രാത്രി വെളിയിൽ താമസിക്കുന്നത് ഒക്ടോബർ അവസാനത്തോടു കൂടെയാണ് ക്രിസ്തുവിന്റെ ജനനമെന്ന് പറയുന്നത് ശരിയല്ല.

റോമാ ഗവൺമെന്റ് കഴിയുന്നിടത്തോളം പൊതുജനങ്ങളുടെ സൗകര്യം കൂടെ നോക്കി രാജ്യകാര്യങ്ങൾ ചെയ്യണമെന്നുള്ള നയമാണ് അക്കാലങ്ങളിൽ സ്വീകരിച്ചിരുന്നത്. യഹൂദ്യയിൽ ശീതകാലം യാത്രയ്ക്കു പറ്റിയതല്ലായിരുന്നതിനാൽ എല്ലാ ജനങ്ങളും – സ്ത്രീകളും (ഗർഭിണികൾ പോലും) പൈതങ്ങളും – പേർവഴി ചാർത്തുവാൻ അവരവരുടെ സ്വന്തപട്ടണങ്ങളിലേക്കു ദീർഘപ്രയാണം ചെയ്തു പോകയെന്നുള്ളത് പ്രയാസമാണ്. കർത്താവിന്റെ ജനനസമയത്ത് ഇങ്ങനെ ഒരു പേർവഴി ചാർത്തൽ നടന്നതായി സുവിശേഷത്തിൽ നിന്നു നാം അറിയുന്നു. ആകയാൽ ക്രിസ്തുവിന്റെ ജനനസമയം യാത്ര സൗകര്യമില്ലാതിരുന്ന ശീതകാലത്ത് നടന്നു എന്ന് അനുമാനിപ്പാൻ ന്യായം കാണുന്നില്ല.

ഇതിനെക്കുറിച്ച് വിശ്വവിശ്രുതനായ ജോസഫ് മീഡ് എന്ന ദൈവദാസൻ വലിയ സൂക്ഷ്മപരിശോധനയുടെ ശേഷം ഇങ്ങനെ എഴുതിയിരിക്കുന്നു; ക്രിസ്തുവിന്റെ ജനനകാലത്ത് ഓരോ സ്ത്രീയും പൈതലും അവരവർ ഏതേതു പട്ടണങ്ങളിലെ അംഗങ്ങളായിരുന്നുവോ, അതാതു പട്ടണങ്ങളിലേക്ക് കരം ചുമത്തപ്പെടേണ്ടതായി പോകേണ്ടിയിരുന്നു. അവരിൽ ചിലർക്കു ദീർഘയാത്ര ചെയ്യേണ്ടിയുമിരുന്നു. അതിനാൽ ശീതകാലം

ഗർഭിണികൾക്കും മുലകുടിക്കുന്നവർക്കും അശേഷം പറ്റിയതല്ല. അതുകൊണ്ടു ക്രിസ്തുവിന്റെ ജനനം ശീതകാലത്തിന്റെ മദ്ധ്യത്തിൽ ആയിരിപ്പാൻ തരമില്ല. മാത്രമല്ല ക്രിസ്തുവിന്റെ ജനനസമയത്തു ആട്ടിടയന്മാർ തങ്ങളുടെ ആട്ടിൻകൂട്ടത്തെ കാത്തു വെളിയിൽ പാർത്തിരുന്നു. ഇതും ശീതകാലത്തിന്റെ മദ്ധ്യത്തിൽ ആയിരിപ്പാൻ ഇടയില്ല. ശീതകാലം അത്ര അസഹനീയമല്ലെന്നു വല്ലവരും വിചാരിക്കുന്ന പക്ഷം 'നിങ്ങളുടെ ഓടിപ്പോക്കു ശീതകാലത്തു സംഭവിക്കാതിരിപ്പാൻ പ്രാർത്ഥിപ്പിൻ എന്നുള്ള സുവിശേഷത്തിലെ ക്രിസ്തുവിൻ വചനങ്ങൾ ഓർക്കട്ടെ. ഓടിപ്പോക്കിനു ശീതകാലം തീരെ യോജിക്കുന്നതല്ലെങ്കിൽ ഇടയന്മാർക്കു വെളിമ്പ്രദേശത്തിൽ കഴിച്ചുകൂട്ടുന്നതിനോ സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും യാത്ര ചെയ്യുന്നതിനോ അശേഷം പറ്റിയ സമയമല്ലായിരുന്നു.' ബാർണസ് ഡോഡ് ഡ്രിജ്ജ്, ലൈറ്റ് ഫൂട്ടു, ജോസഫ് സ്താലീഗർ, ജന്നിംഗ്സ് എന്നീ വ്യാഖ്യാതാക്കന്മാരും ഇതുപോലെ തന്നെ നമ്മുടെ കർത്താവിന്റെ ജനനം ഡിസംബർ 25–ാം തീയതി ആയിരിക്കാൻ ഇടയില്ലെന്ന് ഐക്യകണ്ഠേന അഭിപ്രായപ്പെടുന്നു. അവ്വണ്ണം തന്നെ ക്രിസ്തുമാർഗ്ഗത്തിലെ വിവിധ വകുപ്പുകളിൽ പെട്ടവരായി നിഷ്പക്ഷ ബുദ്ധികളായ പണ്ഡിതന്മാരും എല്ലാ എഴുത്തുകാരും കർത്താവിന്റെ ജനനദിവസം തീർച്ചപ്പെടുത്താൻ നിവൃത്തിയില്ലെന്നും ക്രൈസ്തവസഭയിൽ 'ക്രിസ്തുമസ്' എന്നൊരുത്സവം മൂന്നാംശതകം വരെ കേട്ടിരുന്നു പോലും ഇല്ല എന്നും നാലാം ശതാബ്ദം ആരംഭിച്ചു വളരെ കഴിഞ്ഞശേഷം മാത്രമാണ് ഇത് അധികമായി ആചരിച്ചു തുടങ്ങിയതെന്നും ഒന്നു പോലെ സംവദിക്കുന്നു.

കാര്യം ഇങ്ങനെ ഇരിക്കവെ ഡിസംബർ 25–ാം തീയതി ക്രിസ്തുവിന്റെ ജനനപ്പെരുനാളായി ധാരാളം സഭകൾ ആഘോഷിച്ചു വരുന്നു. ക്രിസ്തുവിന്റെ ജനത്തീയതി നിർണ്ണയിപ്പാൻ നിവൃത്തി ഇല്ലാതിരിക്കുമ്പോൾ ഈ ആചാരം ഡിസംബർ മാസത്തിൽ നടത്തുവാനുള്ള മുഖാന്തിരം എന്തായിരിക്കും? ഈ ഉത്സവം ക്രിസ്തുസഭയിൽ നടപ്പായ നാലാം ശതകത്തിനും മാത്രമല്ല ക്രിസ്തുകാലത്തിനും വളരെ മുമ്പുതന്നെ പുറജാതികളുടെ ഇടയിൽ ആണ്ടിന്റെ ഈ പ്രത്യേക സന്ദർഭത്തിൽ ബാബിലോണിലെ ആകാശരാജ്ഞിയുടെ മകന്റെ (സൂര്യദേവന്റെ അവതാരപുരുഷൻ) ജനത്തെ കൊണ്ടാടുന്ന ഒരുത്സവം ആചരിച്ചിരുന്നു. അവർ ഈ ദിവസത്തെ 'മറ്റുള്ളവരാൽ ഒരിക്കലും ജയിക്കപ്പെടുവാൻ നിവൃത്തിയില്ലാത്തവനായ സൂര്യദേവന്റെ ജന്മനാൾ' എന്നാണു വിളിച്ചിരുന്നത്. സൂര്യൻ ദക്ഷിണായനം അവസാനിച്ച് വടക്കോട്ടു വരുന്ന ദിവസം അതാകയാൽ അവർ ഈ ദിവസത്തെ സൂര്യന്റെ ജന്മനാളായി സങ്കല്പിച്ചു വന്നു. ഈജിപ്തിൽ അവരുടെ ആകാശരാജ്ഞിയായ ഐസിസ്സിന്റെ മകൻ ഇതേ സമയത്തു തന്നെ ജനിച്ചതായി കാണിക്കുന്ന ഒരു ഉത്സവം നടത്തിയിരുന്നു.

ക്രിസ്തുമസ്സിനു സാധാരണയായി **'യൂൾഡേ' എന്ന പേരു പറയാറുണ്ടല്ലോ.** ആ പേരു തന്നെ പുറജാതികളിൽ നിന്നും ബാബിലോനിൽ നിന്നും വന്നിട്ടുള്ളതാണ്. 'യൂൾ' എന്ന കൽദായ വാക്കിന് ശിശു (പൈതൽ) എന്നർത്ഥമാകുന്നു. ക്രിസ്തുമാർഗ്ഗം ഗ്രേറ്റു ബ്രിട്ടനിൽ പ്രവേശിക്കുന്നതിനു വളരെ വർഷങ്ങൾക്കു മുമ്പെ അവിടുത്തെ ജാതികളായിരുന്ന ആംഗ്ലോസാക്സൺകാർ ഡിസംബർ 25–ാം തീയതിയെ 'യൂൾഡേ' (ശിശുദിനം) എന്നും അതിന്റെ തലേരാത്രിയെ 'മാതൃഭൂമി' എന്നും വിളിച്ചു ഉത്സവം ആചരിച്ചിരുന്നു.

അറേബ്യയിലെ ശേബയാർ ചന്ദ്രനെ ആരാധിക്കുന്നവരായിരുന്നു. ഇതിനെക്കുറിച്ച് സ്റ്റാൻലി എന്ന മഹാൻ തന്റെ Stanley's Sebean Philosophy ശേബായ തത്വജ്ഞാനത്തിൽ അറേബ്യർ അവരുടെ പത്താംമാസം 24–ാം തീയതി (ഡിസംബർ 24) ചന്ദ്രന്റെ ജനനത്തീയതിയായി ആഘോഷിച്ചിരുന്നു എന്നു പറഞ്ഞിരിക്കുന്നു. പൗരസ്ത്യർ ചന്ദ്രനെ മെനി അഥവാ മനെയ് എന്നാണ് വിളിച്ചിരുന്നത്. ഇംഗ്ലീഷിൽ മൂൺ എന്നു വിളിക്കപ്പെടുന്നത് ഈ പദത്തിന്റെ തത്ഭവമാണ്. മെനി എന്നതിനു എണ്ണുന്നയാൽ എന്നർത്ഥമാണ്. **ദാനിയേൽ പ്രവചനത്തിൽ ബൽശ്ശസറിന്റെ ഭിത്തിമേൽ എഴുതപ്പെട്ടതിൽ 'മെനെ' എന്നതിനു എണ്ണി എന്നർത്ഥമായിരുന്നു എന്നു നാം കാണുന്നുണ്ടല്ലോ.** ചന്ദ്രന്റെ യാത്ര അനുസരിച്ച് മാസങ്ങൾ എണ്ണി വരുന്നതുകൊണ്ടാണ് ചന്ദ്രന് ഈ പേരുണ്ടായത് (സങ്കീ 104:19). ജാതികൾ ചന്ദ്രനെ ഒരു ദേവിയായും സൂര്യനെ 'ഗദ്' ദേവനായും കരുതി ആരാധിച്ചിരുന്ന യിസ്രായേൽ ജനങ്ങൾ അനുകരിച്ചതിനാൽ യെശയ്യാപ്രവാചകൻ മുഖാന്തരം 'യഹോവയെ ഉപേക്ഷിക്കയും....ഗദ് ദേവന് ഒരു മേശ ഒരുക്കി മെനി ദേവിക്കു വീഞ്ഞു കലക്കി നിറച്ചുവെക്കയും ചെയ്യുന്നവരെ' (യെശ 65:11) എന്നു ദൈവം പറയിക്കുന്നതായി നാം വായിക്കുന്നു.

മേൽപ്പറഞ്ഞ രീതിയിൽ പുറജാതി രാജ്യങ്ങളിലെല്ലായിടത്തും ഡിസംബർ അവസാനത്തിൽ അവരവരുടെ ഇഷ്ടപ്രകാരമുള്ള അർത്ഥങ്ങൾ സങ്കല്പിച്ചുകൊണ്ട് ഒരുത്സവം ആചരിച്ചിരുന്നു. ജാതികളുടെ ഈ ഉത്സവം ബാബിലോനിൽ ആരംഭിച്ച് സ്ഥലകാലാനുസൃതങ്ങളായ ചില ഭേദഗതികളോടുകൂടെ ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും വ്യാപിച്ചതാണെന്നു വിശിഷ്യാ പറയണമെന്നില്ല. ജാതികളെ തൃപ്തിപ്പെടുത്തി മാർഗ്ഗത്തിൽ ചേർക്കുന്നതിനും അങ്ങനെ ക്രിസ്തുമാർഗ്ഗത്തിലുള്ള നാമധേയരുടെ സംഖ്യ വർദ്ധിപ്പിക്കുന്നതിനുമായി റോമാമതം പ്രസ്തുത ഉത്സവത്തെത്തന്നെ 'ക്രിസ്തു'വിന്റെ നാമം കൊടുത്തു അംഗീകരിക്കുകയാണുണ്ടായത്. ഈ രീതിയിലത്രെ ക്രിസ്തുമസ് ഉത്സവം ക്രിസ്തീയ മാർഗ്ഗത്തിൽ നടപ്പായത്.

ക്രിസ്തുമസ് സമയത്തുള്ള അനുഷ്ഠാനവിധങ്ങൾ തന്നെ അതു ബാബിലോനിൽ നിന്നു വന്നതാണെന്നു തെളിയിക്കുന്നുണ്ട്. ബാബിലോനിൽ ഈ ഉത്സവം അഞ്ചു ദിവസത്തേക്കു കൊണ്ടാടി വന്നിരുന്നു. അന്ന് അവിടെ നടപ്പിലിരുന്ന മദ്യപാനോത്സവത്തിന്റെ

സ്ഥാനത്താണ് ക്രിസ്തുമസ് സമയത്തു പാശ്ചാത്യരുടെ ഇടയിൽ കാണുന്ന മദ്യപാന വിരുന്നുകൾ ഇരിക്കുന്നത്.

ചില രാജ്യങ്ങളിൽ ക്രിസ്തുമസ് തുടങ്ങുന്ന സന്ധ്യക്കു കത്തിച്ചുവെക്കുന്ന മെഴു കുതിരി ഉത്സവം കഴിയുന്നതുവരെ എരിഞ്ഞുകൊണ്ടിരിക്കുന്നതുപോലെ തന്നെ ജാതി കളുടെ ഇടയിലും ഇരുന്നിരുന്നു. ബാബിലോന്യ ദേവനെ ബഹുമാനിക്കുന്നതിനായുള്ള പ്രസ്തുത ഉത്സവത്തിൽ ജാതികളും മെഴുകുതിരി കത്തിച്ചുവെയ്ക്കുക പതിവായിരു ന്നു. അവന്റെ ആരാധനയ്ക്കുള്ള വിശേഷത കത്തിച്ച മെഴുകുതിരി അവന്റെ ബലിപീഠ ത്തിൽ വെയ്ക്കപ്പെട്ടിരുന്നു എന്നുള്ളത്.

ക്രിസ്തുമസിനു കൊണ്ടാടുന്ന 'ക്രിസ്തുമസുമരം' എന്നതു വിജാതീയ റോമാ യിലും ഈജിപ്തിലും അവരുടെ ഇതേ ഉത്സവത്തിൽ സർവസാധാരണമായിരുന്നു. ഈജി പ്തിൽ പനയും റോമയിൽ സരളവൃക്ഷവുമാണ് ഉപയോഗിച്ചിരുന്നത്. ഇതിൽ പന സൂര്യ ദേവന്റെ അവതാരത്തിൽ പുറജാതികളുടെ മശിഹായായി ഗണിക്കപ്പെട്ട ബാൽത്താമാ രിന്റെ അടയാളമായും സരളവൃക്ഷം അവൻ ഉഭയസമ്മതത്തിന്റെ കർത്താവായിരിക്കു ന്നതി (ബാൽബറിത്തി)ന്റെ അടയാളമായും കാണിച്ചിരുന്നു. മദ്ധ്യസ്ഥദേവനായ അഡോ ണിസിന്റെ (സൂര്യവതാരം) മാതാവായ ആകാശരാജ്ഞി ഏതോ അത്ഭുതശക്തിയാൽ ഒരു മരമായിത്തീരുകയും ആ സ്ഥിതിയിൽ ഇരിക്കുമ്പോൾ അവളുടെ ദിവ്യപുത്രനെ പ്രസവിക്കുകയും ചെയ്തു എന്നു ജാതികൾ വിശ്വസിച്ചിരുന്നു. മാതാവ് മരമാണെങ്കിൽ മകനൊരു കൊമ്പാണെന്നുള്ളതിനു തർക്കമില്ലല്ലോ. ഇവിടെ പറയുന്ന സൂര്യാവതാരം ബാബിലോന്യ രാജ്ഞിയായ സെമിറാമീസിനു ഭർത്താവായ **നിമ്രോദിന്റെ മരണശേഷം താൻ തന്നെ അവളുടെ പുത്രനായി വന്നു അവതരിച്ചു എന്നു വിശ്വസിക്കപ്പെട്ടിരുന്ന വന്റെ ജനനത്തെ ഉദ്ദേശിക്കുന്നതാകുന്നു.** ഇതിനെ സൂചിപ്പിക്കുന്നതിനായി ജാതികൾ തങ്ങളുടെ ഉത്സവത്തിൽ മേൽപ്പറഞ്ഞ മരങ്ങൾ ഉപയോഗിച്ചിരുന്നു. അതേ ആചാരത്തിൽ നിന്നാണ് ഇന്ന് ക്രിസ്തുമസ് ഉത്സവത്തിൽ 'ക്രിസ്തുമസ്മരം' റോമാമതക്കാർ ആചരി ക്കുന്നത് എന്നു സ്പഷ്ടം. ഈ പെരുനാൾ ക്രിസ്തീയമല്ല. പുറജാതീയമാണെന്നു പ്രസ്തുത തെളിവുകൾ വിശദമാക്കുന്നില്ലേ?

ക്രിസ്തുമസ് ദിവസത്തിന് മുമ്പുള്ള ഇരുപത്തഞ്ചോളം ദിവസങ്ങൾ നോമ്പു നാളു കളായി അനുഷ്ഠിച്ചു വരുന്നുണ്ടല്ലോ. ഇതും ബാബിലോന്യ ആചാരങ്ങളിൽ നിന്നും കടം വാങ്ങി കത്തോലിക്കാ സഭയിൽ നിന്ന് ഇന്ന് കാണുന്ന സി.എസ്.ഐ, മാർത്തോ മ്മാ, ലൂഥറൻ സഭകളിൽ കടന്നു കയറിയിട്ടുള്ളത്. ഫാദർ.മാർട്ടിൻ ലൂഥർ ഈവക കാര്യ ങ്ങളെ ശക്തിയുക്തം 95 Thesis ൽ എതിർത്തിരുന്നു. എന്നിട്ടും ഇന്നത്തെ പ്രൊട്ടസ്റ്റന്റ് സഭകൾ ആചരി ക്കുന്നത് വചനവിരുദ്ധമാണ്.

ഉപക്രമത്തിൽ വിവരിച്ച പ്രകാരം നോമ്പ് ആചരിക്ക മുതലായത് ന്യായപ്രമാണവിധികളിൽ വരുവാനിരുന്നവരുടെ നിഴലായി ഉണ്ടായിരുന്നെങ്കിലും ധനങ്ങളിൽ മത്സ്യമാംസാദികൾ വർജ്ജിച്ചുള്ള നോമ്പു ആവശ്യമായിരിക്കുന്നില്ല. എന്തെന്നാൽ പുറത്തുനിന്നു മനുഷ്യന്റെ അകത്തു ചെല്ലുന്ന യാതൊന്നിനും അവനെ അശുദ്ധമാക്കുവാൻ കഴികയില്ല, അവനിൽ നിന്നു പുറപ്പെടുന്നത്രെ മനുഷ്യനെ അശുദ്ധമാക്കുന്നത്. 'കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ' എന്നു കർത്താവു അരുളിച്ചെയ്തിരിക്കുന്നു. (മത്തായി 15:11, റോമ 14:17, കൊലോ 2:16, 20–23, 1 തിമൊ 4:1–3). നോമ്പിനെ സംബന്ധിച്ചുള്ള ക്രിസ്തീയ ഉപദേശം ഇങ്ങനെയിരിക്കവേ ജാതികൾക്കു ക്രിസ്തുമാർഗ്ഗം അംഗീകാരമായി തീർക്കേണ്ടതിന് അവരുടെ നോമ്പുകളെ പകർത്തിയതിൽ നിന്നാകുന്നു ഇരുപത്തിയഞ്ചു നോമ്പ് കടന്നുവന്നത്. സൂര്യദേവന്റെ അവതാരത്തിനു മുമ്പുള്ള ദിവസങ്ങളിൽ ജാതികൾ ഈ നോമ്പ് ആചരിച്ചിരുന്നു. സെമിറാമീസു തന്റെ പുത്രനെ പ്രസവിക്കുന്നതിനു പ്രസവവേദനപ്പെട്ട് 25 ദിവസത്തോളം നിന്നു എന്നും അപ്പോൾ രാജ്യത്തെ ജനങ്ങൾ പ്രത്യേക വ്രതങ്ങളും നോമ്പുകളും അനുഷ്ഠിപ്പാൻ ആജ്ഞാപിച്ചു എന്നും അതിന്റെ സ്മാരകമായി സൂര്യദേവന്റെ അവതാരദിവസം ആഘോഷിക്കുന്നതിനടുത്തുള്ള ഇരുപത്തഞ്ചു ദിവസങ്ങൾ നോമ്പു നാളുകളായി ജാതികൾ പിൽക്കാലത്തു ആചരിച്ചുവന്നു എന്നുമാണ് ഈ നോമ്പിന്റെ ഉത്ഭവത്തെക്കുറിച്ചുള്ള കഥ.

ഇങ്ങനെ ക്രിസ്തുമസ് ക്രിസ്തുവിന്റെ ജനനത്തെ സംബന്ധിക്കുന്ന ഉത്സവമല്ല, പ്രത്യുത, ബാബിലോന്യരുടെ സൂര്യദേവന്റെ അവതാരത്തെ കാണിക്കുന്ന ഉത്സവമത്രെ എന്നു വിശദീഭവിക്കുന്നു.

ക്രിസ്തുമസിനോടു ഘടിപ്പിക്കപ്പെട്ടിരിക്കുന്ന ഒരു ഉത്സവമാണ് വചനിപ്പു പെരുനാൾ. ഇതു റോമാമതത്തിലെ വലിയ പെരുനാളുകളിൽ ഒന്നാണ്. മശിഹായുടെ മാതാവെന്ന പദവി തനിക്കു ലഭിച്ചിരിക്കുന്നതിന്റെ ദൂതറിയിപ്പാനായി മറിയയുടെ അടുക്കൽ ഗബ്രിയേൽ ദൂതൻ അയക്കപ്പെട്ടതിന്റെയും, കർത്താവിന്റെ വചനം അവനാൽ അവളോടു അറിയിക്കപ്പെട്ടതിന്റെയും, മറിയയുടെ ഗർഭത്തിൽ നമ്മുടെ കർത്താവു അത്ഭുതകരമായ നിലയിൽ ഉല്പാദിക്കപ്പെട്ടതിന്റെയും ഓർമ്മയ്ക്കായിട്ടാണത്രെ ഈ വചനിപ്പു പെരുനാൾ ആഘോഷിക്കുന്നത്.

ഇത് മാർച്ച് 25–ാം തീയതി കൊണ്ടാടിവരുന്നു. കർത്താവിന്റെ ജനനസമയം തീർച്ചപ്പെടുത്താൻ നിവൃത്തിയില്ലാതിരിക്കുമ്പോൾ മറിയയോടു വചനം അറിയിക്കപ്പെട്ടത് എപ്പോഴെന്നു നിർണ്ണയിപ്പാൻ എങ്ങനെ സാധിക്കും? അതിന്റെ സമയത്തെക്കുറിച്ചു തിരുവെഴുത്തു യാതൊരു രേഖയും തരുന്നില്ല. അങ്ങനെയെങ്കിൽ ഈ വചനിപ്പു പെരുനാളിനു അടിസ്ഥാനം എവിടെയാണെന്നു നാം അന്വേഷിക്കേണ്ടതല്ലേ? അതും ബാബിലോൺ

മതം തന്നെയാണ്. നമ്മുടെ കർത്താവ് ജനിക്കയോ മറിയയുടെ ഗർഭത്തിൽ ഉരുവാകയോ ചെയ്യുന്നതിനു വളരെ മുമ്പുതന്നെ കത്തോലിക്കാ മതത്തിന്റെ പാപ്പായുടെ പഞ്ചാംഗ ത്തിലെ വചനിപ്പു പെരുനാളിന്റെ അതേദിവസം പുറജാതി റോമായിൽ ബാബിലോന്യ മശിഹായുടെ മാതാവായ സിബിലിന്റെ ഓർമ്മയ്ക്കായി ഒരുത്സവം ആചരിച്ചിരുന്നു. അതത്രെ കത്തോലിക്കാ മതത്തിന്റെ പാപ്പായുടെ പഞ്ചാംഗത്തിലേക്കു വചനിപ്പു പഞ്ചാം ഗത്തിലേക്കു വചനിപ്പു പെരുനാളായി പരിവർത്തനം ചെയ്യപ്പെട്ടത്.

നമ്മുടെ 'പത്രോസിന്റെ അനന്തിരവർ' അവരുടെ 'ദേവമാതാവി' ന്റെ അടുക്കൽ ബാബിലോനിലെ ആകാശരാജ്ഞിയും ദേവമാതാവുമായവളുടെ ഉത്സവദിവസമായ മാർച്ച് 25–ാം തിയതി തന്നെ വചനം അയച്ചു 'മശിഹാ' യെ ഉരുവാക്കി സൂര്യദേവന്റെ അവ താര സ്മാരകോത്സവദിവസമായ ഡിസംബർ 25–ാം തീയതി (കൃത്യം ഒൻപതു മാസം ആയപ്പോൾ) അവനെ പ്രസവിപ്പിച്ചതു വളരെ വിസ്മയമായിരിക്കുന്നു. അപ്രമാദിത്വ ശക്തി യുള്ളവർക്കു മാത്രമേ ഈവിധ അത്ഭുതങ്ങൾ സാധിക്കയുള്ളൂ എന്നാണ് തോന്നുന്നത്. വചനിപ്പു പെരുനാളും ക്രിസ്തുമസും ബാബിലോന്യ മതചരക്കുകളാണെന്നു ഇങ്ങനെ പ്രത്യക്ഷപ്പെടുന്നു.

## FOREIGN SPIRITUAL CONVENTION

രാജ്യം - KUWAIT : : കുവൈറ്റ് സ്ഥലം : **St.John's Tamil CSI Church**
ദിവസം : 2018 ഏപ്രിൽ **26, 27 & 28.** കൂടുതൽ വിവരങ്ങൾക്ക് : **Mr.Selvin Muthunayagam, CSI Secretary, Ph: O7965 99840794**

രാജ്യം - **Switzerland :**
സ്ഥലം : **2018 May 1,2 & 3:** കൂടുതൽ വിവരങ്ങൾക്ക്: **Mrs.RITA Schmitz, Mobile: 0763853103**

രാജ്യം: **St.Gallen (Swiss) :** സ്ഥലം: **2018 May 4,5 & 6**
കൂടുതൽ വിവരങ്ങൾക്ക്: **Bro.David - Mobile: 0796481276**

രാജ്യം: **Germany (Hermann Albert STR) :** സ്ഥലം : **2018 May 10,11,12 & 13**
കൂടുതൽ വിവരങ്ങൾക്ക്: **Mr.Dominic, Mobile: 0211287991**

രാജ്യം: **Italy(Roma) :** സ്ഥലം : **2018 May 17,18 & 19**
കൂടുതൽ വിവരങ്ങൾക്ക്: **Bro.Aruldas, Mobile: 03299636573**

കുവൈറ്റിലെ മലയാളികളായ വിശ്വാസികൾ എന്ന നേരിൽ കാണാൻ ആഗ്രഹി ച്ചാൽ മേൽക്കാണിച്ച നമ്പരിൽ വിളിച്ച് അപ്പോയ്മെന്റ് വാങ്ങിയശേഷം വരാൻ അഭ്യർത്ഥിക്കുന്നു.

ബഹറിൻ, ദുബായ്, ഷാർജ, അബുദാബി, മസ്ക്കറ്റ്, ദോഹ (ഖത്തർ) എന്നീ സ്ഥലങ്ങളി ലുള്ളവർ യോഗങ്ങൾ ക്രമീകരിക്കുവാൻ താല്പര്യപ്പെടുന്നുവെങ്കിൽ 2018 ഫെബ്രുവരി 2–ാം ആഴ്ചയ്ക്കു മുമ്പായി എന്നെ അറിയിക്കുക. അത് സമയങ്ങൾ ക്രമീകരിക്കുവാൻ സൗകര്യമുണ്ടാ യിരിക്കും. പ്രാർത്ഥിക്കു. എന്റെ ഇ–മെയിൽ ഐ.ഡി. : jamakaran@yahoo.com.



# ഈസ്റ്റർ



ഇനി ഈസ്റ്റർ അഥവാ ഉയിർപ്പു പെരുനാളിനെക്കുറിച്ചു നോക്കാം. 'ഈസ്റ്റർ' എന്ന പേരുതന്നെ ഒരു ക്രിസ്തീയ പദമല്ല. **ബാബിലോന്യ മതത്തിലെ ആകാശരാജ്ഞിയുടെ പേരുകളിൽ ഒന്നായ 'അസ്റ്റാർട്ടി' അഥവാ അസ്തരോത്തു എന്നതിൽ നിന്ന് ഉളവായതാണ് ഈ പദം. ആകാശരാജ്ഞിയുടെ ഈ പേര് നിനെവെയിലെ ആളുകൾ ശബ്ദിക്കുന്നത് 'ഈസ്റ്റർ' എന്നാണ്.** ഈ പേരു അസ്സീറിയായിലെ ഒരു ഓർമ്മ സ്തംഭത്തിന്മേലുള്ളതായി ലെയാർഡ് പറയുന്നു.

നാലാമത്തെയോ മൂന്നാമത്തെയോ നൂറ്റാണ്ടിനപ്പുറത്തു ക്രിസ്തീയസഭയിൽ ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ ഓർമ്മയുടെ നാൾ ആചരിച്ചിരുന്നതായി കാണുന്നുണ്ട്. അപ്പോസ്തല കാലാനന്തരം സഭയിലുണ്ടായ ഒരാചാരമായിരുന്നു ഇത്. അതിപ്പോൾ റോമാസഭയിലാചരിക്കുന്നതിൽ നിന്നു വളരെ വ്യത്യസ്തമായിരുന്നു. അതിനു ഈസ്റ്റർ എന്നു പേരായിരുന്നുമില്ല. ക്രിസ്തുവിന്റെ മരണപുനരുത്ഥാനങ്ങളുടെ സ്മരണയ്ക്കായി ആചരിച്ചിരുന്ന ദിവസങ്ങൾ യെഹൂദാ പെസഹായുടെ സമയത്തായിരുന്നതുകൊണ്ടു അതിനു 'പെസഹാ' എന്നാണ് പേർ വിളിക്കപ്പെട്ടിരുന്നത്.

ക്രിസ്ത്യാനികൾ പെരുനാൾ ആചരിപ്പാൻ വേദം ഉപദേശിക്കുന്നില്ലെങ്കിലും അപ്പോസ്തലകാലാനന്തരമുള്ള ക്രിസ്ത്യാനികൾ സഭ ആത്മീയമായ ആദ്യാനുഭവങ്ങളിൽ നിന്നും പുറകോട്ടു പൊയ്ക്കൊണ്ടിരുന്നതിനോടുകൂടെ അങ്ങനെ പെസഹാ ആചരിപ്പാൻ തുടങ്ങി. എന്നാൽ അത് ഇന്നു റോമാസഭയിലും മറ്റും കൊണ്ടാടുന്ന സമയത്തിലോ വിധത്തിലോ ആയിരുന്നില്ല. ഇന്നു കാണുന്നതുപോലെ വിഗ്രഹാരാധനയുള്ള ഒരു ഉത്സവമായിരുന്നുമില്ല. അതിനു മുമ്പുള്ള ദിവസങ്ങളിൽ നോമ്പ് ആചരിച്ചിരുന്നതുമില്ല. അഞ്ചാം ശതകത്തിൽ ജീവിച്ചിരുന്ന മാഴ്സെയിൽസിലെ സന്യാസിയായ കാഷ്യാനസു ആദിമസഭയും അക്കാലത്തെ സഭയും തമ്മിലുള്ള അന്തരം തെളിയിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞിരിക്കുന്നു : 'ആദ്യസഭയുടെ പൂർണ്ണത അശുദ്ധപ്പെടാതിരുന്ന കാലത്തോളം നാല്പതു ദിവസത്തെയുള്ള ആചാരമേ അറിഞ്ഞിരുന്നില്ല. അങ്ങനെയെങ്കിൽ ഈ ആചാരം എവിടെ നിന്നു വന്നു? ഇതും ബാബിലോന്യ ദേവിയുടെ ആരാധകന്മാരിൽ നിന്നു നേരിട്ടു കടം വാങ്ങിയിട്ടുള്ളതാണെന്നു തെളിയിക്കാം. കൂർഡിസ്റ്റാൻ എന്ന സ്ഥലത്തുള്ള പിശാചാരാധകന്മാരായ ജാതികൾ അതായതു യെസ്സിഡിസു ഇന്നും ആണ്ടിന്റെ വസന്തകാലത്തു നാൽപതു ദിവസത്തെ നോമ്പു അനുഷ്ഠിച്ചു വരുന്നുണ്ട് എന്ന് ലെയാർഡിന്റെ 'നിനവെയും ബാബിലോനും' എന്ന ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നു. അവർക്ക് ഇത് ലഭിച്ചത് ബാബിലോന്യരിൽ നിന്നാണ്. അതുപോലെ തന്നെ വസന്തകാലത്തു നാല്പതു ദിവസത്തെ നോമ്പു ജാതികളായ **'മെക്സിക്കൻസിന്റെ ഇടയിൽ ഉണ്ടായിരുന്നതായി**

**ഹംബോർട്ടിന്റെ 'മെക്സിക്കൻ റിസേർച്ചസ്'** എന്ന പ്രബന്ധത്തിൽ പറഞ്ഞിട്ടുണ്ട്. വിഷു സംക്രമശേഷം മൂന്നുദിവസം കഴിയുമ്പോൾ സൂര്യനുവേണ്ടി നാൽപതു ദിവസത്തെ നോമ്പ് അവർ ആരംഭിക്കുമായിരുന്നു. ഈജിപ്തിലെ പുറജാതികൾ ഇതുപോലെ നാൽപതു ദിവസത്തെ നോമ്പു ആചരിച്ചിരുന്നതായി വിൽക്കിൻസൺ എഴുതിയിട്ടുള്ള 'ഈജിപ്ഷ്യൻ ആന്റിക്വറ്റീസ്' എന്ന ഗ്രന്ഥം ഘോഷിക്കുന്നു. ഈജിപ്തിലെ ഈ നോമ്പു മദ്ധ്യസ്ഥ ദേവനായ ഓസിറീസിനു അഥവാ അഡോണീസിനു വേണ്ടിയാണ് അവർ നടത്തിയിരുന്നത്; ഇതിനെക്കുറിച്ചു അർണോബിയസ് എന്നയാൽ പ്രസ്താവിക്കുന്നത്: "ജാതികൾ ഇതു അനുഷ്ഠിച്ചതു സീറിസിന്റെ മകളായ പ്രോസെർപ്പെൻ എന്നവളെ നരകത്തിലെ ദേവനായ പ്ലൂട്ടോ തട്ടിച്ചുകൊണ്ടുപോയതിനാ ലുണ്ടായ അതിദുഃഖത്തിൽ വളരെ നാളേക്കു ഭക്ഷിക്കയില്ലെന്നു സീറീസു നിശ്ചയിച്ചതിനെ അനുകരിച്ചു ജാതികൾ ഇതു ചെയ്തതായിട്ടാണ്. ഈജിപ്തിൽ ഇത് മെയ്മാസത്തിന്റെ മദ്ധ്യത്തിലാണ് ആചരിച്ചിരുന്നത്."

പുറജാതികളുടെ ഇടയിൽ സർവ്വസാധാരണയായി നടന്നിരുന്ന ആചാരം പല സ്ഥലത്തെ ജാതികൾ പല ഉദ്ദേശങ്ങൾ വെച്ചുകൊണ്ടായിരുന്നു നടത്തിയിരുന്നത്. ബാബിലോനിൽ ആരംഭിച്ചു നാനാദേശത്തേയ്ക്കും വ്യാപിച്ചതാണ് ഇത് എന്നുള്ളത് നിർവിവാദമത്രെ. കാലാന്തരത്തിൽ പല രാജ്യങ്ങളിൽ ഇതിനെപ്പറ്റി പല കെട്ടുകഥകളും ഉളവായി വന്നു. ജാതികളുടെ ഇടയിൽ സർവ്വസാധാരണായ ഈ ആചാരം, ബാബിലോന്യ അസ്റ്റാർട്ടിയുടെ ഉത്സവത്തിൽ നിന്നു ഉത്ഭവിച്ചതാണ്. ജാതികളുടെ ഈ നോമ്പിന്റെയും ഉത്സവത്തിന്റെയും അനുഷ്ഠാനങ്ങൾ കാലക്രമത്തിനു ക്രിസ്തീയ സഭയിലേക്കു നുഴഞ്ഞുകടന്നു. അതോടുകൂടി തൽസംബന്ധമായ പല അന്ധവിശ്വാസങ്ങളും സഭയിൽ പ്രവേശിച്ചു. ക്രിസ്തുസഭയിൽ ആദ്യമുണ്ടായിരുന്ന എഴുത്തുകാർ ആക്ഷേപിച്ചിട്ടിരുന്നതായ ഈവിധ ദുരാചാരങ്ങളിലേക്കും മ്ലേച്ഛതകളിലേക്കും ഭോഷത്വങ്ങളിലേക്കും ക്രൈസ്തവർ ഇറങ്ങിത്തുടങ്ങി. ഒടുവിൽ അസ്റ്റാർട്ടിയുടെ ആരാധന പടർന്നുപിടിച്ചപ്പോൾ പാശ്ചാത്യ റോമാസാമ്രാജ്യമൊട്ടുക്ക് കൽദയ നോമ്പിലെപ്പോലെ തന്നെ ആറ് ആഴ്ച നോമ്പു ആചരിക്കുന്നതു നിർബന്ധ വിഷയമാക്കിത്തീർത്തു. ഈവിധമാണ് അസ്റ്റാർട്ടിയുടെ ആരാധന സഭയിൽ സർവ്വത്ര വ്യാപിച്ചത്.

ജാതികളെ തൃപ്തിപ്പെടുത്തിയും അവരുടെ ദുരാചാരങ്ങളെ സമ്മതിച്ചു കൊടുത്തുംകൊണ്ട് അവരെ മാർഗ്ഗത്തിലേക്ക് ചേർക്കുന്ന ഒരു നയം റോമാസഭ സാധാരണ അനുവർത്തിച്ചുവന്നു. അതനുസരിച്ച് ക്രിസ്ത്യാനികളുടെയും ജാതികളുടെയും ഉത്സവങ്ങളെ തമ്മിൽ യോജിപ്പിക്കത്തക്കവണ്ണം ഉള്ള സൗകര്യങ്ങൾ വരുത്തി. ഇതിനു വഴിയൊരുക്കുവാൻ ക്രിസ്താബ്ദം 519–നോടടുത്ത് ഓറീലിയ എന്ന സ്ഥലത്തു റോമാ ബിഷപ്പായ ഹോർമിസ് ഡാഡിന്റെ കാലത്തു നടന്ന സുന്നഹദോസിൽ ഈസ്റ്ററിനു മുൻപായി

നോമ്പു ആചരിക്കണമെന്ന് തീർച്ചപ്പെടുത്തി. അതിനാൽ പഞ്ചാംഗത്തിൽ വളരെ പണി പ്പെട്ടു ചില ഭേദഗതികൾ വരുത്തി പുറജാതികളുടെ ഈസ്റ്റർ ഉത്സവസമയത്തു ക്രൈസ്ത വരുടെ ഉയർപ്പു പെരുനാൾ ആചരിക്കത്തക്കവണ്ണം പഞ്ചാംഗം ചമച്ചു. ഈ പഞ്ചാംഗം ചമച്ചതു ഡയാനീഷ്യസു എന്ന മഠാധിപനായിരുന്നു. പഞ്ചാംഗത്തിൽ ഇങ്ങനെ ഭേദ ഗതി വരുത്തിക്കൊണ്ടു സുന്നഹദോസു നിശ്ചയങ്ങൾ നടപ്പിൽ വരുത്തുവാൻ യത്നിച്ചു തുടങ്ങി. കൗൺസിൽ നിശ്ചയങ്ങൾ എല്ലാം ഉടനടി നടപ്പിൽ വരുത്തുക പ്രയാസമായി രുന്നു. ആറാം ശതകത്തിന്റെ അവസാനമായപ്പോഴേക്ക് പുതിയ പഞ്ചാംഗം എല്ലാവരും സ്വീകരിക്കേണ്ടതിനു കാര്യമായ ശ്രമങ്ങൾ നടത്തപ്പെട്ടു. അക്കാലത്തു ബ്രിട്ടനിലും മറ്റു പലയിടങ്ങളിലും ഇതിനോട് വലിയ എതിർപ്പുണ്ടായി. ബ്രിട്ടനിലെ സ്വദേശ ക്രിസ്ത്യാ നികൾ ക്രിസ്തീയ പെസഹാ ആചരിച്ചു വന്ന സമയവും റോമാസഭയാൽ നടപ്പാക്ക പ്പെട്ട പുറജാതി ഈസ്റ്ററിന്റെ സമയവും തമ്മിൽ ഒരു മാസത്തിന്റെ വ്യത്യാസം ഉണ്ടായി രുന്നു. ബ്രിട്ടനിൽ ക്രിസ്തുവിനെ സംബന്ധിക്കുന്ന ഉത്സവത്തെ കൽദയ ദേവിയുടെ ഉത്സവം ജയിക്കുന്നതിനു സാധിച്ചതു വളരെ ബലം പ്രയോഗിച്ചും രക്തം ചിന്തിയുമാ യിരുന്നു. ഇങ്ങനെ ക്രിസ്തീയരുടെ പെസഹാ ഉത്സവം മാറി ഈസ്റ്റർ ഉത്സവം നടപ്പാ യി. ഈസ്റ്റർ ഒരു ബാബിലോന്യ ഉത്സവമാണെന്നു ഇങ്ങനെ സുവ്യക്തമാകുന്നു.

ഈസ്റ്റർ ഉത്സവത്തിന്റെ ഇപ്പോഴത്തെ ചടങ്ങുകൾ ഒക്കെയും നോക്കിയാൽ അതു മുഴുവൻ ബാബിലോന്യ സ്വഭാവത്തെ ചരിത്രം പറയുന്ന രീതികൾ ദൃഢീകരിക്കുന്നു. കുരി ശാകൃതിയിൽ ദുഃഖവെള്ളിയാഴ്ച ഉപയോഗിക്കുന്ന ചൂടുള്ള അപ്പം ഈസ്റ്റർ ഞായ റാഴ്ചയിലെ ചായമിടപ്പെട്ട മുട്ടകൾ എന്നിവ ഇപ്പോൾ ഉള്ളതുപോലെ തന്നെ കൽദയ ആചാരങ്ങളിലും ഉണ്ടായിരുന്നു. ക്രിസ്തുവിനു 1500 വർഷം മുമ്പു മുതൽക്കേ അതാ യതു അഥേന പട്ടണസ്ഥാപകനായ സീസറോപ്സിന്റെ കാലം മുതൽക്കേ ജാതികൾ ആകാശരാജ്ഞിയായ ഈസ്റ്റർ ദേവിയുടെ ആരാധനയിൽ ഈ അപ്പം ഉപയോഗിച്ചിരു ന്നു. ബൈറന്റ് പറയുംപ്രകാരം **ദേവന്മാർക്കു പ്രതിഷ്ഠിക്കുന്നതായ ഒരു മാതിരി വിശുദ്ധ അപ്പം വളരെ പുരാതനകാലം മുതൽക്കേ ഉള്ളതും Boun വിളിക്കപ്പെട്ടതും ആയിരുന്നു. യിസ്രായേൽമക്കൾ ആകാശരാജ്ഞിക്കു അപ്പം ചുടുന്ന ബാബിലോന്യ രീതി അനുവർത്തിപ്പാൻ തുടങ്ങിയതിനാൽ യിരെമ്യാ പ്രവാചകൻ മുഖാന്തിരം യഹോവ അവരെ ശാസിക്കുന്നതായി നാം കാണുന്നു. 'എനിക്കു കോപം വരത്തക്ക വണ്ണം അവർ ആകാശരാജ്ഞിക്ക് അപ്പം ചുടേണ്ടതിനും....മക്കൾ വിറകുപെറുക്കു ന്നതും അപ്പന്മാർ തീ കത്തിക്കുകയും സ്ത്രീകൾ മാവു കുഴയ്ക്കുകയും ചെയ്യുന്നു' (യിരെ 7:18).**

ഈസ്റ്റർ ഉത്സവത്തിൽ ജാതികൾ ചെയ്തിരുന്ന ഈ അപ്പം ആകാശരാജ്ഞിക്കു പ്രതിഷ്ഠിക്ക എന്നതായിരുന്നു. ഇന്നു റോമാസഭ അപ്പം അൾത്താരയിൽ പ്രതിഷ്ഠിച്ച

തിനു ശേഷം അതു തിന്നുകയാണെന്ന് ഒരു വ്യത്യാസമുണ്ട്.

പെസഹായുടെ മുട്ടയുടെ ആരംഭം ബാബിലോനിൽ നിന്നെന്ന് സ്പഷ്ടമാണ്. ബ്രിട്ടനിൽ പുറജാതി പുരോഹിതന്മാരായിരുന്ന ഡ്രൂയിഡ്സിനോടു കൂടെ ആദ്യകാലത്തു തന്നെ അസ്റ്റാർട്ടിയുടെയും ബെല്ലിന്റെയും ആരാധന പ്രവേശിച്ചു. അവിടെ ബെൽദേവനെ പണ്ടു ആരാധിച്ചു വന്നതിനാൽ മെയ് ഒന്നാം തീയതിയെ ബെൽറ്റനി എന്നാണ് പഞ്ചാംഗത്തിൽ ഇന്നും വിളിച്ചുവരുന്നത്. ഡ്രൂയിഡ്സ് പുരോഹിതന്മാർ അവരുടെ സംഘത്തിന്റെ അടയാളമായി ഒരു മുട്ട വഹിച്ചിരുന്നു. ജപ്പാനിലെ ജനങ്ങൾ അവരുടെ വിശുദ്ധ മുട്ട പിച്ചള നിറമുള്ളതായിട്ടാണ് വിചാരിച്ചു വരുന്നത്. ചൈനയിൽ റോമാസഭ ഇന്നു ചെയ്യുന്നതുപോലെ തന്നെ ചായം പുരട്ടിയ മുട്ടകൾ വിശുദ്ധ ഉത്സവങ്ങളുടെ സമയത്ത് ഇപ്പോഴും ഉപയോഗിച്ചു വരുന്നുണ്ട്. പുരാതനകാലത്തു മിസ്രയീമ്യരുടെയും, ഗ്രേക്കരുടെയും മതാനുഷ്ഠാനങ്ങളിൽ മുട്ടകൾ ഉപയോഗിച്ചു വരുകയും, അവരുടെ ക്ഷേത്രങ്ങളിൽ അവയെ ഏതോ രഹസ്യ ഉദ്ദേശത്തോടെ തൂക്കിയിടുകയും ചെയ്തുവന്നു. ഈജിപ്തിലെ ഈ മുട്ടക്കർമ്മത്തിന്റെ ആരംഭം ബാബിലോനിൽ നിന്നാണെന്ന് തെളിയിക്കാവുന്നതാണ്. ബാബിലോന്യരുടെ അത്ഭുത മുട്ടയെക്കുറിച്ചുള്ള ഇതിഹാസങ്ങൾ കൊണ്ട് പുരാതന കവികളുടെ എഴുത്തുകൾ നിറഞ്ഞിരിക്കുന്നു. ഒരു മിസ്രയീമ്യനും ഔഗുസ്തോസ് കൈസറിന്റെ കാലത്ത് റോമയിലെ ഫലസ്തീൻ വായനശാല സൂക്ഷിപ്പുകാരനും തന്റെ സ്വന്തരാജ്യത്തെ സകല വിദ്യകളും അഭ്യസിച്ചിരുന്നവനുമായ ഹൈജീനസു മുട്ടയുടെ കാര്യത്തെക്കുറിച്ചു പറയുന്നതാവിത്: "യൂഫ്രോത്തോസു നദിയിലേക്കു സ്വർഗ്ഗത്തിൽ നിന്നു ആശ്ചര്യകരമായ വലിപ്പമുള്ള ഒരു മുട്ട വീണതായി പറയപ്പെടുന്നു. മത്സ്യങ്ങൾ അതിനെ ഉരുട്ടി കരയ്ക്കു കയറ്റി അവിടെവച്ച് പ്രാക്കൾ അതിന്മേൽ പൊരുന്നിരുന്നപ്പോൾ അതു വിരിഞ്ഞു വീനസ് പുറത്തു വന്നു. ഇവളെയാണ് സൂറിയാക്കരുടെ ദേവിയായ അസ്റ്റാർട്ടി എന്നു വിളിച്ചുവരുന്നത്. അതുകൊണ്ട് അസ്റ്റാർട്ടിയുടെ അല്ലെങ്കിൽ ഈസ്റ്ററിന്റെ അടയാളങ്ങളിൽ ഒന്നു മുട്ടയായിത്തീർന്നു. തന്നിമിത്തം വീനസിന്റെ (അസ്റ്റാർട്ടിയുടെ) ആരാധനസ്ഥലങ്ങളിൽ പ്രാമുഖ്യസ്ഥലമായ കുപ്രോസിൽ ആശ്ചര്യാകൃതിയിലുള്ള ആ മുട്ടയുടെ രൂപം വളരെ വലിപ്പത്തിൽ ഉണ്ടാക്കിവെച്ചിരുന്നു."

അസ്റ്റാർട്ടിയുടെ ഈ മുട്ടയെ ക്രിസ്തുവിന്റെ പുനരുത്ഥാന ചിഹ്നമായി വിശുദ്ധീകരിച്ചു അംഗീകരിച്ചുകൊണ്ട് ഇതിനോടു സംബന്ധിച്ചു പോൾ പഞ്ചമൻ പാപ്പാ, അന്ധവിശ്വാസത്തിൽ ഇരിക്കുന്ന ജനങ്ങളെ ഈസ്റ്റർ സമയത്തു ഇങ്ങനെ പ്രാർത്ഥിപ്പാൻ പഠിപ്പിച്ചു. 'കർത്താവേ! ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ചുള്ള സ്മരണയോടുകൂടി തിന്നുന്നതിനു നിന്റെ ദാസന്മാർക്കു മേത്തരമായ ഭക്ഷണസാധനമായിത്തീരുവാൻ നീ സൃഷ്ടിച്ച ഈ മുട്ടകളെ വാഴ്ത്തേണമേ എന്നു ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു.....' ഇത്യാദി.

ഈ അത്ഭുത മുട്ട കൂടാതെ ബാബിലോന്യ ദേവിരാജ്ഞിയായ ഈസ്റ്ററിനു വേറൊരടയാളം കൂടെയുണ്ടായിരുന്നു. **അതു മാതളപ്പഴം (രിമ്മോൻ) ആണ്.** പുരാതനകാലത്തുള്ള കീർത്തിമുദ്രകളിൽ കയ്യിൽ രിമ്മോൻ അല്ലെങ്കിൽ മാതളപഴവുമായി അസ്റ്റാർട്ടിയിരിക്കുന്നതിനെ കാണിച്ചിരിക്കുന്നു. **സുറിയാക്കാരൻ നയമാന്റെ യജമാനനായ ദമസ്കോസിലെ രാജാവ് ആരാധിച്ചതായ രിമ്മോന്റെ ആലയം, അസ്റ്റാർട്ടി ദേവിയെ രിമ്മോനോടുകൂടെ പരസ്യമായി ആരാധിച്ചു വന്ന ഒരു ക്ഷേത്രമായിരുന്നു.** ഇതിൽ പുറജാതികൾ ഉദ്ദേശിച്ചിരുന്ന അർത്ഥം എന്തെന്നുകൂടെ നാം അറിയേണ്ടതാണല്ലോ. അസ്റ്റാർട്ടിക്കു 'ഐഡയാമേറ്റർ' എന്നുള്ള പേരുമുണ്ടായിരുന്നു. അവളുടെ 'മർമ്മങ്ങൾ' അനുഷ്ഠിക്കുന്നതിൽ കൂടുതൽ പ്രസിദ്ധിയുള്ള ഫ്റുഗ്യായിലെ വിശുദ്ധമല മർമ്മങ്ങളുടെ ഭാഷയായ കൽദായ ഭാഷയിൽ 'അറിവിന്റെ മല' എന്നർത്ഥം വരുന്ന 'മൗണ്ട് ഐഡ്' എന്നു വിളിക്കപ്പെട്ടിരുന്നു. ആകയാൽ 'ഐജയാമേറ്റർ' എന്നതിന്റെ അർത്ഥം 'അറിവിന്റെ മാതാവ്' എന്നത്രെ. അത് 'നന്മതിന്മകളെക്കുറിച്ചുള്ള അറിവ്' ആദ്യം കൊതിച്ചിട്ട് അറിവിന്റെ വൃക്ഷഫലം ഭുജിച്ചവളായ ഹവ്വായെ സൂചിപ്പിക്കുന്നു. അസ്റ്റാർട്ടിയെ ദൈവമാതാവിന്റെ അവതാരമായി മാത്രമല്ല, മനുഷ്യജാതിയുടെ മാതാവിന്റെ അവതാരമായി കൂടെ ആരാധിച്ചിരുന്നു എന്നതിനു ധാരാളം തെളിവുകൾ ഉണ്ട്. പുറജാതികളുടെ പുരാണകഥയിൽ അറിവിൻ വൃക്ഷഫലം വിലക്കിയതിനാൽ യഹോവയെ മനുഷ്യശത്രുവായും മനുഷ്യവർഗ്ഗത്തിനു ആ കനി തിന്മാൻ സ്വാതന്ത്ര്യം കൊടുത്ത ആളായ സാത്താനെ (ഹെർക്യുലീസ്) മനുഷ്യമിത്രമായുമാണ് പറഞ്ഞിരിക്കുന്നത്. അറിവിന്റെ മാതാവും ദേവന്മാരുടെ മാതാവുമായ അസ്റ്റാർട്ടി വിശുദ്ധപർവ്വത്തിൽ കയറുന്നവരെ അവളുടെ 'മർമ്മ' ങ്ങളിലേക്കു ക്ഷണിച്ചുകൊണ്ടു തന്റെ നീട്ടപ്പെട്ട കയ്യിൽ മാതളപ്പഴം വഹിച്ചുകൊണ്ടിരുന്നതായി കാണിച്ചിരിക്കുമ്പോൾ ആ കനി എന്തോന്നിനെ സൂചിപ്പിക്കാനാണ് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത് എന്ന് വ്യക്തമാണല്ലോ. അറിവിൻ വൃക്ഷഫലത്തെ അവൾ മനുഷ്യവർഗ്ഗത്തിനു നീട്ടുന്നതിനാൽ അവൾക്ക് 'അറിവിന്റെ മാതാവ്' (ഐഡിയാമേറ്റർ) എന്നു പേരായി. 'വെളിച്ചങ്ങളുടെ പിതാവിൽ നിന്നിറങ്ങി വരുന്ന എല്ലാ നല്ല ദാനവും തികഞ്ഞ വരമൊക്കെയും' ഇവളിൽ നിന്നു ലഭിക്കുന്നതായി ജാതികൾ കരുതി വന്നു.

ഇങ്ങനെയത്രെ ഈസ്റ്റർ ഉത്സവത്തിൽ മാതളപ്പഴത്തിനു പ്രവേശനം ലഭിച്ചത്. പാപ്പാമതസ്ഥർ (കത്തോലിക്കാ സഭാ) അവരുടെ ആകാശരാജ്ഞിയെക്കുറിച്ചു ഇതേ രീതിയിലുള്ള വികാരങ്ങളെത്തന്നെ അത്ഭുതമാക്കുന്നു. പുറജാതിമതം ഉപദേശിച്ചിരുന്ന ബോധനങ്ങളെ റോമാസഭ പുലർത്തി വരുന്നതുപോലെ തന്നെ, കഴിവുള്ളിടത്തെല്ലാം അതേ അടയാളങ്ങളും അവർ സ്വീകരിച്ചിട്ടുണ്ട്. രിമ്മോനെപ്പറ്റിയുള്ള അന്ധവിശ്വാസം റോമാമതം നിലനിർത്തി വരുന്നതായി കാണുന്നു. മാതളപ്പഴം ലഭിക്കാത്ത രാജ്യങ്ങളിൽ അവർ ഈസ്റ്റർ ഉത്സവത്തിനു മുട്ടകളോടു കൂടെ മധുരനാരങ്ങയാണ് ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്.

റോമരുടെ ഈസ്റ്റർ ഉത്സവം ബാബിലോനിൽ നിന്നു വന്നതാണെന്നും, അതിന്റെ പഴയ ആചാരങ്ങളോടുകൂടെ അതിനെ ക്രിസ്തീയ ഉത്സവമാക്കി പരിവർത്തനം ചെയ്തിരിക്കയാണെന്നും ഇങ്ങനെ മനസ്സിലാക്കുന്നു. ഇതോടു ചേർന്ന് ഈസ്റ്റർ പെരുനാളിനോടടുത്ത ദിവസങ്ങളിൽ (വിശുദ്ധ കഷ്ടാനുഭവ ആഴ്ചയിൽ) റോമായിൽ നടത്തുന്ന ബാബിലോന്യ ആചാരങ്ങളെക്കുറിച്ചുകൂടെ സ്വല്പം എഴുതുന്നതു അസ്ഥാനത്താകയില്ലെന്നു തോന്നുന്നു. നാം അവയെ സൂക്ഷിക്കുന്തോറും അവ ഈജിപ്തിൽ ആചരിച്ചു വന്ന വിളക്കു വെയ്പ്പുകളെയും പല രാജ്യങ്ങളിലുമുള്ള അഗ്നിയാരാധകന്മാരുടെ ഇതര കർമ്മങ്ങളെയും നമുക്കു കൂടുതൽ പ്രത്യക്ഷമാക്കുന്നു. ഈജിപ്തിലെ വലിയ ദീപക്കാഴ്ച ഓസിറിസിന്റെ കല്ലറയ്ക്കടുത്താണ് നടത്തിയിരുന്നത്. റോമായിലെ വിശുദ്ധ ആഴ്ചയിൽ മെഴുകുതിരി കത്തിച്ചുള്ള ദീപക്കാഴ്ച ക്രിസ്തുവിന്റേതെന്നു പറയപ്പെടുന്ന കല്ലറയ്ക്കൽ നടത്തുന്നു. ക്രേത്തയിൽ ജൂപ്പിറ്ററിന്റെ കല്ലറ പ്രദർശിക്കപ്പെടുമ്പോൾ ക്രേത്തർക്കു അതു ആരാധനാ വസ്തുവായിരുന്നു. റോമാ ഭക്തന്മാർ ക്രിസ്തുവിന്റെ കല്ലറ എന്നു വിളിക്കപ്പെടുന്നതിനെ ആരാധിക്കുന്നില്ലെങ്കിലും അതിലടക്കം ചെയ്തിരിക്കുന്ന വസ്തുവിന് ആരാധിക്കുന്നുണ്ട്. പുറജാതികൾക്ക് പുരാതനകാലത്തെ അഗ്നിസേവയുടെ ഓർമ്മയ്ക്കായി വിളക്കുകൾ കത്തിച്ചുള്ള ഒരുത്സവമുണ്ടായിരുന്നതുപോലെ റോമായിൽ ഈസ്റ്റർ ആഴ്ചയിൽ 'തീക്കുരിശ്' അവരുടെ പ്രധാന ആരാധനാവസ്തുവായിരിക്കുന്ന ഒരു കർമ്മം നടക്കുന്നു. ഇത് ഒരഗ്നിയാരാധന തന്നെയെന്നതിനു സന്ദേഹമില്ല.

'പത്തൊമ്പതാം ശതകത്തിലെ റോമാ' യെന്ന ഗ്രന്ഥത്തിന്റെ കൃതി ഇതു സംബന്ധിച്ചു എഴുതിയിരിക്കുന്ന ഒരു വിവരണം കേൾക്കണം : 'വി. പത്രോസിന്റെ കല്ലറയുടെ മുകളിലായി കുംഭഗോപുരത്തിൽ നിന്നു തൂക്കപ്പെട്ടിരുന്ന അഗ്നി കൊണ്ടുള്ളതായ തിളങ്ങുന്ന കുരിശ് (ദുഃഖവെള്ളിയാഴ്ച) രാത്രിയിൽ അസാധാരണമായ പ്രഭയോടുകൂടെ ശോഭിച്ചു. അസംഖ്യം വിളക്കുകളാൽ അതു പൊതിഞ്ഞുണ്ടാക്കപ്പെട്ടിരിക്കുന്നതിനാൽ അതു മുഴുവൻ ഒരൊറ്റ ജ്വാലയായി തോന്നുമായിരുന്നു. ഈ ഏക വസ്തുവിനെ മിഴിച്ചുനോക്കിക്കൊണ്ടു രാജാവു മുതൽ ഭിക്ഷുവരെ എല്ലാ നിലകളിലും രാജ്യങ്ങളിലുമുൾപ്പെട്ട ഒരു വലിയ പുരുഷാരത്താൽ പള്ളിക്കകം നിറയപ്പെട്ടു. അല്പനിമിഷങ്ങൾക്കുള്ളിൽ പാപ്പായും അവന്റെ എല്ലാ കർദ്ദിനാളന്മാരും വി.പത്രോസിന്റെ ദേവാലയത്തിലേക്കു ഇറങ്ങി. സ്വിസ് അംഗരക്ഷകന്മാർ അവർക്കായി പ്രത്യേകം ഒരുക്കിയിരുന്ന സ്ഥലത്തു വൃദ്ധനായ പോന്തിഫ് (പാപ്പാ) അഗ്നികൊണ്ടുള്ള കുരിശിൻ മുമ്പാകെ മൗനമായ വന്ദനയോടുകൂടെ സാഷ്ടാംഗ നമസ്കാരം ചെയ്യുന്നു. വാലവാലയായി നിൽക്കുന്ന കർദ്ദിനാളന്മാർ തന്റെ മുമ്പിൽ കുമ്പിടുന്നു. ഇതേ രീതിയിൽത്തന്നെ റോമരുടെ മറ്റു പ്രധാന സ്ഥല ങ്ങളിലും ദുഃഖവെള്ളിയാഴ്ച തീക്കുരിശു വന്ദനയുള്ളതായിട്ടാണ് അറിയുന്നത്. ഇതിനേക്കാൾ പ്രത്യക്ഷവും മറ്റൊന്നാണെന്നു സംശയിപ്പാൻ വകയില്ലാത്തതുമായ അഗ്നിയാരാധനയേതാണ്?

പ്രസ്തുത ഗ്രന്ഥത്തിൽ തന്നെ പറഞ്ഞിരിക്കുന്ന മറ്റൊരു ഭാഗം കൂടെ കേട്ടാലും! 'വിശുദ്ധ വ്യാഴാഴ്ചയോടുകൂടെ ജനത്തിരക്കു നിമിത്തമുള്ള പ്രയാസങ്ങൾ ആരംഭിച്ചു. ഈ ദുർദിവസത്തിൽ ഞങ്ങൾ ഒൻപതു മണിക്കു മുമ്പായി സിസ്റ്റീനാ പള്ളിയിൽ പോയി.... പട്ടത്വത്തിൽ താണ വകുപ്പുകാർ മുമ്പിലും മനോഹരമായ അങ്കികൾ അണിഞ്ഞു കയ്യിൽ മെഴുകുതിരി പിടിച്ചുകൊണ്ട് കർദ്ദിനാളന്മാർ അതിനു പുറകിലും ചുവപ്പു നടപ്പന്തലിൻ കീഴെ തല മൂടാതെയും കയ്യിൽ ഒരു പെട്ടിയിൽ ഓസ്തി (കുർബാനയപ്പം) വഹിച്ചു കൊണ്ടും നടക്കുന്ന പാപ്പാ എല്ലാറ്റിനും ഒടുവിലും പോകുന്നതായ ഒരു ഘോഷയാത്ര കണ്ടു. നിങ്ങൾ അറിയുംപ്രകാരം ക്രിസ്തുവിന്റെ ശരീരരക്തങ്ങളായിരിക്കുന്ന ഇതിനെ സിസ്റ്റീനാ പള്ളിയിൽ നിന്നു ഇടയ്ക്കുള്ള മണ്ഡപത്തിൽ കൂടെ പോളിനാ ചാപ്പിലിലേക്കു വഹിച്ചുകൊണ്ടു പോകുകയും, അവിടെ ബലിപീഠത്തിൻ കീഴിൽ തയ്യാറാക്കപ്പെട്ടിരിക്കുന്ന കല്ലറയിൽ അതിനെ അടക്കം ചെയ്യുകയും ചെയ്യുന്നു. ക്രിസ്തു മരിക്കുന്നതിനു മുമ്പ് അടക്കപ്പെടുന്നതിന്റെ ആവശ്യം ഇതുവരെ എനിക്കു മനസ്സിലായിട്ടില്ല; എന്തെന്നാൽ ക്രൂശീകരണം ദുഃഖവെള്ളിയാഴ്ച വരെ നടന്നിട്ടില്ലായ്കയാൽ വ്യാഴാഴ്ച അവനെ അടക്കുന്നതു അത്ഭുതകരമായി തോന്നുന്നു. ഈ കർമ്മം നടത്തപ്പെടുന്ന എല്ലാ റോമാ പള്ളികളിലും ഉച്ചയ്ക്കു മുമ്പായി അവന്റെ ശരീരത്തെ കല്ലറയിൽ വെയ്ക്കുകയും, അതു ശനിയാഴ്ചവരെ അവിടെ ഇരിക്കയും അവർക്കു മാത്രം അറിയാകുന്ന ഏതോ കാരണത്താൽ അന്നു പീരങ്കികളുടെ ഗംഭീര ശബ്ദത്തോടും കാഹളങ്ങളുടെ മഹാധ്വനിയോടും മണിനാദങ്ങളോടും കൂടെ കല്ലറയിൽ നിന്നു ഉയർത്തെഴുന്നേൽപ്പിക്കപ്പെടുകയും ചെയ്യുന്നു.

വ്യാഴാഴ്ച അടക്കപ്പെടുന്നുവെന്നും ശനിയാഴ്ച മരിച്ചവരിൽ നിന്നുയിർക്കുന്നുവെന്നുമുള്ള ക്രമവിരുദ്ധമായ ഈ നടപടി ദുഃഖവെള്ളിയാഴ്ച തീക്കുരിശിനെ വന്ദിക്കുന്നതുകൊണ്ട് മറ്റുവിധത്തിൽ അജ്ഞാതമായിരിക്കുന്ന ഈ കുഴപ്പത്തെ നമുക്ക് തെളിയിച്ചു തരുന്നു. വിശുദ്ധാഴ്ചയിലെ ഈ ആഘോഷം അഗ്നിവന്ദന തുടങ്ങിയുള്ള അവരുടെ കർമ്മങ്ങൾ പ്രസ്താവിക്കുംപ്രകാരം നരകദേവനെങ്കിലും വലിയ ഉദ്ധാരകനായ ഫൊറോനിയസ് ആയിരുന്ന ബാബിലോനിലെ സാറ്റേൺ എന്ന അഗ്നിദേവന്റെ പഴയ ഉത്സവങ്ങളിൽ ഒന്നാണ്. തന്നിമിത്തം പാപ്പാമതത്തിന്റെ (കത്തോലിക്കാസഭയുടെ) വിഗ്രഹാരാധനയിലെ ദേവൻ 'ക്രിസ്തു' നാമം വിളിക്കപ്പെടുന്ന സാറ്റേൺ ആകയാൽ അവൻ തന്റെ സ്വന്ത ദിനമായ 'സാറ്റേൺഡേ' യിൽ (ശനിയാഴ്ച) ഉയർത്തെഴുന്നേൽക്കേണ്ടതു സ്വാഭാവികമാണല്ലോ. ഇങ്ങനെ കത്തോലിക്കാ സ്ഥാപനത്തിന്റെ ഉന്നതസ്ഥാനങ്ങളിൽ നടത്തപ്പെടുന്ന കർമ്മങ്ങൾ കൽദയാ തുടങ്ങിയ രാജ്യങ്ങളിലെ അഗ്നിവന്ദനക്കാരുടെ കർമ്മങ്ങൾ തന്നെയാണെന്നു കാണുമ്പോൾ ആരാണു ആശ്ചര്യപ്പെടാത്തത്!

ഇങ്ങനെയുള്ള കർമ്മങ്ങൾ കത്തോലിക്കാസഭക്കാരോടൊപ്പം പ്രൊട്ടസ്റ്റന്റ് സഭകളായ സി.എസ്.ഐ, മാർത്തോമാ, ലൂഥറൻ സഭകളും ഈ രീതി പിൻതുടരുന്നു.

**കുറിപ്പ് :** ഇതുവരെ ക്രിസ്ത്യാനികൾ ആഘോഷിക്കുന്ന പെരുനാളുകളുടെ ചരിത്രപശ്ചാത്തലം നിങ്ങൾ വായിച്ചു. ഇങ്ങനെ എഴുതിയതുകൊണ്ട് ക്രിസ്മസ്, ദുഃഖവെള്ളി, ഈസ്റ്റർ തുടങ്ങിയ വിശേഷദിവസങ്ങളിൽ സഭകളിൽ നടത്തപ്പെടുന്ന ആരാധനകൾ തെറ്റെന്നല്ല ഞാൻ പറയുന്നത്. ഒരു യഥാർത്ഥ ക്രിസ്ത്യാനിയ്ക്ക് ഓരോരോ ദിവസവും തങ്ങൾക്കുവേണ്ടി ജനിച്ച ക്രിസ്തുവിനെ ഓർക്കണം. അന്നത്തെ ദിവസം തന്നെ അവർക്ക് ക്രിസ്മസിന്റെ യഥാർത്ഥ സന്തോഷം ലഭിക്കും. അതുപോലെ തന്നെ ക്രിസ്തു ക്രൂശിക്കപ്പെട്ട വിവരങ്ങളും ക്രിസ്തു ഉയിർത്തെഴുന്നേറ്റ ചരിത്രങ്ങളും നമ്മുടെ വിശ്വാസത്തെ ഓരോ ദിവസവും വർദ്ധിപ്പിക്കും.

സഭകൾ ഒരു വർഷത്തിൽ ഒരു പ്രത്യേക ദിവസത്തെ തെരഞ്ഞെടുത്ത് ലോകം മുഴുവനും ഉള്ള ക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ ജനനത്തേയും, ക്രൂശുമരണത്തേയും, ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പിന്റെ വിവരത്തേയും ഒരുമിച്ച് സ്തുതിക്കുന്നതിലും ധ്യാനിക്കുന്നതിലും തെറ്റില്ല. **"ഒരുവൻ ഒരു ദിവസത്തെക്കാൾ മറ്റൊരു ദിവസത്തെ മാനിക്കുന്നു. വേറൊരുവൻ സകലദിവസങ്ങളെയും മാനിക്കുന്നു. ഓരോരുത്തൻ താന്താന്റെ മനസ്സിൽ ഉറെച്ചിരിക്കട്ടെ." (റോമർ 14:15).**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

# TIRUNELVELI DIOCESE (A UNIT OF TDTA)

# തിരുനെൽവേലി ഡയോസിസ് മഹായിടവക കൺവെൻഷൻ

തിരുനെൽവേലി ഡയോസിസ് മഹായിടവക കൺവെൻഷൻ കഴിഞ്ഞ 25 വർഷങ്ങളായി പലവിധ പ്രശ്നങ്ങൾ കാരണം നടന്നിട്ടില്ല. **സി.എസ്.ഐ സിനഡിൽ നിന്നും** തിരുനെൽവേലി ഡയോസിസ് വേർപിരിഞ്ഞ ശേഷം നടത്തപ്പെടുന്ന പ്രധാന വലിയ കൺവെൻഷനാകുന്നു. കേരളത്തിൽ കോട്ടയത്തിൽ നടന്ന മഹായിടവക കൺവെൻഷനിലും (മധ്യകേരള ഡയോസിസ്) തിരുവനന്തപുരം മഹായിടവക കൺവെൻഷനിലും (ദക്ഷിണ കേരള ഡയോസിസ്) ഉത്തരകേരള ഡയോസിസ് കൺവെൻഷനിലും ഞാൻ പ്രസംഗിച്ചതുപോലെ തിരുനെൽവേലി മഹായിടവക കൺവെൻഷനിൽ രണ്ടാംപ്രാവശ്യം 25 വർഷങ്ങൾക്കുശേഷം ഞാൻ പ്രസംഗിക്കുവാൻ ക്ഷണിക്കപ്പെട്ടിരിക്കുന്നു. **2018 മെയ് മാസം 24 മുതൽ 27**–ാം തിയതി വരെ എന്റെ പ്രസംഗം ഉണ്ടായിരിക്കും. ക്ഷണക്കത്ത് വന്നപ്പോൾ തീയതി കൊടുക്കുവാൻ എനിക്ക് അൽപം ആലോചിക്കേണ്ടിവന്നു. കാര

ണം, സി.എസ്.ഐയിൽ നിന്നും തിരുനെൽവേലി ഡയോസിസ് പിരിഞ്ഞതിൽ എനിക്ക് യോജിപ്പില്ല. തിരുനെൽവേലി ഡയോസിസിലെ പല അച്ചന്മാർക്കും സഭാവിശ്വാസികൾക്കും തുടർന്നും സി.എസ്.ഐയിൽ തന്നെ തുടരണമെന്നുള്ള ആഗ്രഹം എനിക്കു വന്ന പല കത്തുകളിലൂടെയും ഞാൻ മനസ്സിലാക്കി. ഇപ്പോഴുള്ള ഭരണസമിതി അംഗങ്ങളെക്കുറിച്ചും, അതിൽ ചിലർ നടത്തിയ സാമ്പത്തിക തിരിമറികളെക്കുറിച്ചും വാങ്ങിയ കൈക്കൂലികളെക്കുറിച്ചും വ്യക്തമായ തെളിവുകളോടെ ഞാൻ ജാമക്കാരൻ മാസികയിൽ പ്രസിദ്ധീകരിച്ചിരുന്നു. അതുകാരണം ഡയോസിസിനെ ഭരിക്കുന്നവർക്കും എന്നോടു ദേഷ്യമുണ്ട് എന്ന് ഞാൻ അറിയുന്നു. ഇങ്ങനെയുള്ള സാഹചര്യത്തിൽ എന്നെ അവർ മഹായിടവക കൺവെൻഷനിൽ എങ്ങനെയാണ് ക്ഷണിച്ചത്? എന്റെ പ്രസംഗം ഇടവകയിൽ നന്മകളെ ഉണ്ടാക്കുന്നുവെന്ന് കഴിഞ്ഞ 40 വർഷങ്ങളായി മനസ്സിലാക്കിയിട്ടുണ്ട്.

ഇങ്ങനെയുള്ള സാഹചര്യത്തിൽ സി.എസ്.ഐയിൽ ഉണ്ടായ പഴയ പ്രശ്നങ്ങളെക്കുറിച്ചോ ഇപ്പോഴുള്ള പ്രശ്നങ്ങളെക്കുറിച്ചോ എന്റെ പ്രസംഗത്തിൽ ഒന്നും ഞാൻ പറയാൻ പോകുന്നില്ല. ക്രിസ്തു മുന്തിരിച്ചെടിയാകുന്നു. നാം എല്ലാം അതിൽ തളിർത്തു നിൽക്കുന്ന മുന്തിരിവള്ളികളാണ്. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് ആകുന്ന ത്രിയേക ദൈവത്തെ ഓർത്തുകൊണ്ട് യേശു പറഞ്ഞു : നാം ഒന്നായിരിക്കുന്നതുപോലെ ഇവരും ഒന്നായിരിക്കുവാൻ വേണ്ടി ഞാൻ അപേക്ഷിക്കുന്നുവെന്ന് പിതാവിനോട് പ്രാർത്ഥിച്ചതിനെക്കുറിച്ച് ഞാൻ പ്രസംഗിക്കുവാൻ പോകുന്നു. സഭയിൽ ബിഷപ്പു മുതൽ അച്ചന്മാരും ഭാരവാഹികളും സഭാവിശ്വാസികളും വരെ ക്രിസ്ത്യാനി എന്നു പറയുവാനുള്ള യോഗ്യതകളെക്കുറിച്ച് ഞാൻ ശക്തിയായി പ്രസംഗിക്കുവാൻ പോകുന്നു. എന്നെ വെറുക്കുന്നവർ വെറുക്കട്ടെ!! എന്നെ സ്നേഹിക്കുന്നവർ സ്നേഹിക്കട്ടെ!! അവർ വീണ്ടും എന്നെ ക്ഷണിച്ചാലും ഇല്ലെങ്കിലും സത്യത്തെ സത്യമായി തന്നെ തുറന്നുപറയും. നിങ്ങളും എനിക്കുവേണ്ടിയും ഈ മഹായിടവക കൺവെൻഷനു വേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കണം എന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

## Mr.Rassel Vs Dr.Muralidhar - Tribal Mission

'ക്രൈസ്തവപത്രം' എന്ന പേരിൽ Mr.Rassel അവർകൾ നടത്തുന്ന പത്രത്തിൽ ഡോ.മുരളീധർ എം.ഡി അവർകളെപ്പറ്റിയും, ട്രൈബൽ മിഷൻ ഹോസ്പിറ്റലിനെക്കുറിച്ചും വ്യാജമായി എഴുതിയ വാർത്തകൾ, വിമർശനങ്ങൾ അദ്ദേഹം പരസ്യപ്പെടുത്തിയിരുന്നു. അതിന് ഡോ.പുഷ്പരാജായ ഞാൻ Mr.Rassel അവർകളും അവർ നടത്തുന്ന പത്രത്തിന്റെ എഡിറ്റർബോർഡുകൾക്കും എഴുതിയതിന്റെ വിവരവും എന്റെ വായനക്കാർ റസൽ അവർകളെക്കുറിച്ച് എഴുതിയ കത്തിന്റെ വിവരവും ഈ മാസ ജാമക്കാരനിൽ എഴുതി അറിയിക്കാൻ സ്ഥലമില്ലാതെ പോയതുകൊണ്ട് 2018 മെയ്മാസ ജാമക്കാരിൽ പരസ്യപ്പെടുത്തുന്നതാണ്. റസൽ അവർകളെക്കുറിച്ചുള്ള മറ്റ് വിവരങ്ങൾ ശേഖരിക്കാൻ കുറച്ച് സമയമെടുത്തു. താമസത്തിന് അതും ഒരു കാരണമാണ്. പ്രാർത്ഥിക്കാം.

# യേശുക്രിസ്തുവിന്റെ പ്രത്യേക നടത്തിപ്പ് - (ആത്മഹത്യ)

**ആമുഖം**

ആത്മഹത്യ എന്ന വാക്കിന്റെ അർത്ഥം സ്വയം മരണം വരിക്കൽ അഥവാ സ്വയം കൊല്ലൽ എന്നാണ്. മരിക്കണം എന്ന ചിന്തയോടുകൂടെ സ്വയം തീരുമാനിച്ചു ജീവനെ നഷ്ടമാക്കുവാൻ ചെയ്യുന്ന എല്ലാ പ്രവൃത്തികളും ആത്മഹത്യയുടെ പട്ടികയിൽ വന്നു ചേരും.

ആത്മഹത്യ ഒരു പ്രശ്നത്തിന്റെയും ശാശ്വതപരിഹാരമല്ല; ജീവിതത്തിൽ ധൈര്യമായി മുൻപോട്ടു പോകുവാൻ കഴിയാതെയുള്ള ഒരു ഒളിച്ചോട്ടം മാത്രമാണ്. മനുഷ്യൻ ജനിച്ചതുതന്നെ ജീവിക്കുവാനായിട്ടാണ്. ജീവിതത്തിൽ മധുരവും, കയ്പും, വിജയവും പരാജയവും, ഉയർച്ച താഴ്ചകളും, വേലിയേറ്റങ്ങളും വേലിയിറക്കങ്ങളും, സന്തോഷവും, നിരാശയും, മാനാപമാനങ്ങളും, സത്കീർത്തിദുഷ്കീർത്തികളും, സമ്പത്തും ദാരിദ്ര്യവും, ആരോഗ്യവും രോഗവും, വെളുത്തവാവും കറുത്തവാവും ഒക്കെ മാറി മാറി വന്നു എന്നു വരാം. വിജയത്തിന്റെ വെന്നിക്കൊടി പറത്തിയിട്ടുള്ളവർ ഈ വിധമായ എല്ലാ ചുറ്റുപാടുകളിൽ കൂടിയും കടന്നുപോയവരാണ്. പരാജയഘട്ടങ്ങളിൽ അവർ ആത്മഹത്യ ചെയ്തിരുന്നു എങ്കിൽ പില്ക്കാലങ്ങളിൽ വിജയക്കൊടി പറത്തുവാൻ അവർക്കു കഴിയുമായിരുന്നില്ല.

മനുഷ്യന്റെ ആത്മാവിനെ അവന്റെ ഉള്ളിൽ നിർമ്മിച്ചതു യഹോവയാം ദൈവമാണ് (സെഖ 12:1). “ആത്മാവിനെ തടുപ്പാൻ ആത്മാവിന്മേൽ അധികാരമുള്ള ഒരു മനുഷ്യനുമില്ല; മരണദിവസത്തിന്മേൽ അധികാരമുള്ളവനുമില്ല” (സഭാ 8:8).

“പൊടി പണ്ട് ആയിരുന്നതുപോലെ ഭൂമിയിലേക്കു തിരികെ ചേരും; ആത്മാവ് അതിനെ നല്കിയ ദൈവത്തിന്റെ അടുക്കലേക്കു മടങ്ങിപ്പോകും” (സഭാ 12:7). ദൈവികവ്യവസ്ഥ ഇതായിരിക്കെ അതിനെയെല്ലാം ചോദ്യംചെയ്തുകൊണ്ട്, ദൈവം തിരികെ വിളിക്കുന്ന സമയംവരെ കാത്തിരിക്കാതെ സമയത്തിനുമുൻപേ സ്വയം സമയം നിശ്ചയിക്കുകയും ചെയ്യുന്ന പ്രവണതയാണ് ആത്മഹത്യ. ഇതു ദൈവഹിതം അല്ല, പിന്നെയോ പൈശാചികം ആണ്. (പുറ 20:13 “കുലചെയ്യരുത്.” എന്ന്).

തിരുവചനം പഠിക്കുമ്പോൾ, മറ്റുള്ളവരെ കൊല്ലുന്നവനും സ്വയം കൊല്ലുന്നവനും കുലപാതകന്മാരുടെ പട്ടികയിലാണ് (വെളി 21:8). “എന്നാൽ ഭീരുക്കൾ, അവിശ്വാസികൾ, അറെക്കപ്പെട്ടവർ, കുലപാതകന്മാർ, ദുർന്നടപ്പുകാർ, ക്ഷുദ്രക്കാർ, ബിംബാരാധികൾ എന്നിവർക്കും ഭോഷ്കു പറയുന്ന ഏവർക്കും ഉള്ള ഓഹരി തീയും ഗന്ധകവും

കത്തുന്ന പൊയ്കയിലത്രേ; അതു **രണ്ടാമത്തെ മരണം** (വെളി 21:28–32)." യേശുക്രിസ്തുവിനെ സ്വന്തം രക്ഷിതാവായി അംഗീകരിച്ച ഒരു ദൈവപൈതൽ ഒരിക്കലും ആത്മഹത്യ ചെയ്യുവാൻ പാടുള്ളതല്ല. 1 കൊരി 3:16–17 "നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ? **ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും;** ദൈവത്തിന്റെ മന്ദിരം വിശുദ്ധമല്ലോ; നിങ്ങളും അങ്ങനെ തന്നെ." (സഭാ 7:16,17).

വിശുദ്ധ പൗലൊസും ശീലാസും ഫിലിപ്പിയയിലെ കാരാഗൃഹത്തിൽ കിടക്കുന്ന അവസരത്തിൽ അർദ്ധരാത്രിയിൽ അവർ പ്രാർത്ഥിച്ചു ദൈവത്തെ പാടി സ്തുതിച്ച അവസരത്തിൽ വലിയ ഒരു ഭൂകമ്പം ഉണ്ടാകുകയും തദവസരം കാരാഗൃഹത്തിന്റെ അടിസ്ഥാനം കുലുങ്ങി വാതിലുകൾ ഒക്കെയും തുറന്നുപോയി. എല്ലാവരുടെയും ചങ്ങല അഴിഞ്ഞുവീ ണു. കാരാഗൃഹപ്രമാണി ഉറക്കമുണർന്നു കാരാഗൃഹത്തിന്റെ വാതിലുകൾ തുറന്നിരിക്കുന്നതു കണ്ടിട്ടു തടവുകാർ ഓടിപ്പൊയ്ക്കളഞ്ഞു എന്നു ധരിച്ചു വാളൂരി തന്നെത്താൻ കൊല്ലുവാൻ ഭാവിച്ചു. അപ്പോൾ പൗലൊസ് കാരാഗൃഹപ്രമാണിയോടു പറഞ്ഞു: "നിനക്ക് ഒരു ദോഷവും ചെയ്യരുത്; ഞങ്ങൾ എല്ലാവരും ഇവിടെയുണ്ട്" (അപ്പോ.പ്ര.16:19–34). ആകയാൽ ആത്മഹത്യ ചെയ്തു നിനക്കുതന്നെ ദോഷം ചെയ്യരുത്.

സ്വയഹത്യയുടെ അഥവാ ആത്മഹത്യയുടെ എണ്ണം ദിനേന വർദ്ധിച്ചുവരുന്ന ഒരു കാലമാണിത്. ജീവിതത്തിന്റെ എല്ലാ തുറകളിലും ഉള്ളവരിൽ, കുബേരകുചേല ഭേദമില്ലാതെ സ്വയഹത്യാ പ്രവണത വർദ്ധിച്ചുവരുന്നു. ഒരു ബലഹീന നിമിഷത്തിൽ കയറിലും കടലിലും തീയിലും തീവണ്ടിക്കിടയിലും വിഷം കുടിച്ചും മറ്റും ജീവിതം അവസാനിപ്പിക്കുന്നത് ഒരു നിത്യസംഭവമായി മാറിയിട്ടുണ്ട്.

ദുഃഖങ്ങൾ ദുഃസ്സഹമാകുമ്പോൾ തുണ്ടുകയറിൽ ജീവിതത്തിന് വിരാമമിടുന്നവരുടെ എണ്ണം കേരളത്തിൽ അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഔദ്യോഗിക റിപ്പോർട്ടനുസരിച്ച് 'ദൈവത്തിന്റെ സ്വന്തം നാട്ടിൽ' 35 പേർ വീതം പ്രതിദിനം ആത്മഹത്യ ചെയ്യുന്നു. മാത്രമല്ല, 56 പേർ ദിവസവും ആത്മഹത്യയ്ക്ക് ശ്രമിക്കുന്നു.

പരാജയത്തിന്റെയും നിരാശയുടെയും തിക്താനുഭവങ്ങൾ ഉണ്ടാകുമ്പോൾ, മദ്യത്തിലും മയക്കുമരുന്നിലും അഭയം തേടുന്നവർ നിരവധി. കേരളത്തിലെ പ്രധാന നഗരങ്ങളിലെ യുവജനങ്ങളിൽ 30 ശതമാനവും, ജീവിതയാഥാർത്ഥ്യങ്ങളെ സമചിത്തതയോടെ അഭിമുഖീകരിക്കാൻ കെൽപില്ലാത്തവരാണെന്നും, 'ഒരൊളിച്ചോട്ട' മെന്ന പോലെ മദ്യത്തിലും, ഡ്രഗ്സിലും ആശ്രയിക്കുന്നവരുമാണെന്ന് വായിക്കുകയുണ്ടായി.

**ആത്മഹത്യ ചെയ്തവർ ബൈബിളിൽ നിന്ന്**

വിശുദ്ധ ബൈബിളിൽ അഞ്ചുപേർ ആത്മഹത്യ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്.

**ഒന്നാമതായി :** ആത്മഹത്യ ചെയ്തത്, യിസ്രായേലിന്റെ ഒന്നാമത്തെ രാജാവായ ശൗൽ ആയിരുന്നു. അവൻ ദൈവത്താൽ തള്ളപ്പെട്ടവനായിത്തീരുകയും ദൈവം തന്റെ കൃപ അവനിൽ നിന്ന് എടുത്തുകളയുകയും (1 ദിന 17:13), ദൈവം പൂർണ്ണമായി അവനെ വിട്ടുമാറി അവനു ശത്രുവായിത്തീരുകയും ചെയ്തു (1 ശമു 28:16). ഫെലിസ്ത്യരുമായുള്ള യുദ്ധത്തിൽ പരാജയം ഏറ്റുവാങ്ങുകയും, ഫെലിസ്ത്യരാൽ താൻ കൊല്ലപ്പെടുകയും ചെയ്യും എന്നു ബോദ്ധ്യമായപ്പോൾ സ്വയമായി വാൾപിടിച്ച് അതിന്മേൽ വീണ് ആത്മഹത്യ ചെയ്യുകയുണ്ടായി (1 ശമു 31:1–4, 1 ദിന 10:4).

**രണ്ടാമതായി** : ആത്മഹത്യ ചെയ്തത്, ശൗൽരാജാവിന്റെ ആയുധവാഹകൻ ആയിരുന്നു (1 ശമു 31:5, 1 ദിന 10:5). ശൗൽ മരിച്ചു എന്ന് ആയുധവാഹകൻ കണ്ടപ്പോൾ അവനും അതുപോലെതന്നെ വാളിന്മേൽ വീണു മരിക്കുകയുണ്ടായി.

**മൂന്നാമതായി :** ആത്മഹത്യ ചെയ്തത്, ദാവീദിന്റെ മുൻമന്ത്രിയും ആലോചനക്കാരുമായ അഹീഥോഫെൽ ആയിരുന്നു. ദാവീദിന്റെ സമർത്ഥനായ മന്ത്രിയായിരുന്നു ഗീലോന്യനായ അഹീഥോഫെൽ. 2 ശമു 15:12. ദാവീദിനും അബ്ശാലോമിനും ഉപദേശം നല്കിയിരുന്നു. അവന്റെ ആലോചന ദൈവീകമായ അരുളപ്പാടുപോലെ കരുതപ്പെട്ടു. 2 ശമു 16:23. ദാവീദിന്റെ ഭാര്യയായ ബത്ത്–ശേബ അഹീഥോഫെലിന്റെ ചെറുമകളാണെന്നു കരുതുന്നവരുണ്ട്. അവൾ എലീയാമിന്റെ മകളാണ്. 2 ശമു 11:3. അഹീഥോഫെലിന്റെ പുത്രനായ ഒരു എലീയാം ദാവീദിന്റെ വീരയോദ്ധാക്കളുടെ പട്ടികയിലുണ്ട്. 2 ശമു 23:34. തന്റെ പൗത്രനെ വധിച്ചതുകൊണ്ടും, അവന്റെ ഭാര്യയോടു വഷളത്തം കാട്ടിയതുകൊണ്ടും അഹീ ഥോഫെലിനു ദാവീദിനോടു നീരസമുണ്ടായി എന്നു കരുതുന്നവരുണ്ട്.  എലിയാം എന്ന പേരിൽ രണ്ടു വ്യത്യസ്ത വ്യക്തികളുണ്ടായിരുന്നു എന്നു കരുതുകയാണ് യുക്തം. അധികാര ദുർമ്മോഹം നിമിത്തമാണ് അബ്ശലോമിന്റെ മത്സരത്തിൽ അഹീഥോഫെൽ പങ്കുചേർന്നത്. യഹോവേ, അഹീഥോഫെലിന്റെ ആലോചനയെ അബദ്ധമാക്കേണമേ (2 ശമു 15:31) എന്ന ദാവീദിന്റെ പ്രാർത്ഥനയിൽ ദാവീദ് അഹീഥോഫെൽ എന്ന പേരിന്റെ അർത്ഥം ഗോപനം ചെയ്തിട്ടുണ്ട്. അധികാരം ഉറപ്പിക്കുന്നതിനു അന്തഃപുരം സ്വന്തമാക്കണമെന്ന് (2 ശമു 16:20–22) അഹീഥോഫെൽ ഉപദേശിച്ചു. ക്ഷീണിച്ചു ധൈര്യം നഷ്ടപ്പെട്ടിരിക്കുന്ന ദാവീദിനെ പന്തീരായിരം പേരോടൊപ്പം ചെന്നു താൻ വെട്ടിക്കളയാം എന്ന അഹീഥോഫെലിന്റെ ഉപദേശം അവന്റെ ബുദ്ധിയും ധൈര്യവും വ്യക്തമാക്കുന്നു. 2 ശമു 17:1–4.

അർഖ്യനായ ഹൂശായിയുടെ ഉപദേശമാണ് അബ്ശാലോം സ്വീകരിച്ചത്. അബ്ശാലോമിനു അനർത്ഥം വരേണ്ടതിനു അഹീഥോഫെലിന്റെ നല്ല ആലോചനയെ വ്യർത്ഥമാക്കുവാൻ യഹോവ നിശ്ചയിച്ചിരിക്കുന്നു. 2 ശമു 17:14. തന്റെ ആലോചന തിരസ്കരിക്കപ്പെട്ടുവെന്നും അബ്ശലോമിന്റെ മത്സരം പരാജയപ്പെടുകയാണെന്നും മനസ്സിലാക്കിയ

അഹീഥോഫെൽ വീട്ടിലേക്കു ചെന്നു, വീട്ടുകാര്യം ക്രമപ്പെടുത്തിയശേഷം തൂങ്ങിച്ചത്തു. അപ്പന്റെ കല്ലറയിൽ അവനെ അടക്കം ചെയ്തു. (2 ശമു 17:1–23). രാജാവിന്റെ മകനായ അബ്ശാലോം ഉപായത്താൽ രാജത്വം കൈക്കലാക്കുകയും തത്ഫലമായി പ്രാണഭയത്തിലായ ദാവീദിനു കൊട്ടാരംവിട്ട് ഓടിപ്പോകേണ്ടിവരുകയും ചെയ്തു. ഈ അവസരം അഹീഥോഫെൽ അബ്ശാലോമിന്റെ പക്ഷം ചേരുകയും ദാവീദിനെ നശിപ്പിക്കുവാൻ ആലോചന പറഞ്ഞുകൊടുക്കുകയും ചെയ്തു. എന്നാൽ തന്റെ ആലോചന നടന്നില്ല എന്ന് അഹീഥോഫെൽ കണ്ടപ്പോൾ തന്റെ വീട്ടിൽ ചെന്നു വീട്ടുകാര്യം ക്രമപ്പെടുത്തിയ ശേഷം കെട്ടി ഞാന്നു മരിച്ചു. (2 ശമു 17:23).

**നാലാമതായി :** ആത്മഹത്യ ചെയ്തത്, യിസ്രായേൽ രാജാവായ സിമ്രി ആണ്. തന്റെ സേനാപധിയായ ഒമ്രി തനിക്കെതിരായി പ്രവർത്തിക്കുകയും പട്ടണത്തെ നിരോധിക്കുകയും പിടിച്ചടക്കുകയും ചെയ്തതു കണ്ടപ്പോൾ രാജധാനിയുടെ ഉൾമുറിയിൽ കടന്നു രാജധാനിക്കു തീവെച്ച് അതിൽ മരിച്ചുകളയുകയാണു ചെയ്തത് (1 രാജ 16:16–18).

**അഞ്ചാമതായി :** ആത്മഹത്യ ചെയ്തത്, കർത്താവിന്റെ പന്ത്രണ്ടു ശിഷ്യന്മാരിൽ ഒരാളും പണസഞ്ചി സൂക്ഷിപ്പുകാരനുമായ ഈസ്കര്യോത്താ യൂദാ ആയിരുന്നു. യൂദാ യേശുവിന്റെ ശിഷ്യന്മാരിലൊരുവൻ ആയിരുന്നു. കർത്താവു യൂദയെ വിളിക്കുന്നതിനു മുമ്പുള്ള അവന്റെ ജീവിതത്തെക്കുറിച്ചു ഒരറിവുമില്ല. സമവീക്ഷണ സുവിശേഷത്തെ കൊടുത്തിട്ടുള്ള പന്ത്രണ്ടു അപ്പോസ്തലന്മാരുടെ കൂട്ടത്തിൽ യൂദയുടെ പേര് ഒടുവിലാണ് കാണപ്പെടുന്നത്. യൂദയുടെ പേര് പറയുമ്പോഴെല്ലാം യേശുവിനെ കാണിച്ചുകൊടുത്ത ദ്രോഹിയായിത്തീർന്ന എന്നീ വിശേഷണങ്ങൾ ചേർത്തിരിക്കുന്നതു കാണാം. കെര്യോത്ത് ഗ്രാമവാസി എന്നാണ് ഈസ്ക്കര്യോത്താവു എന്ന വാക്കിന്റെ അർത്ഥം. അപ്പോസ്തലിക ഗണത്തിൽ യൂദയായിരുന്നു പണസഞ്ചി സൂക്ഷിപ്പുകാരൻ. അപ്പൊസ്തലന്മാർ സഞ്ചരിക്കുമ്പോൾ പണവും വഴിപാടുകളും സ്വീകരിക്കുകയും ദരിദ്രർക്കു വിതരണം ചെയ്യുകയും പതിവായിരുന്നു. അവയുടെ ചുമതലക്കാരൻ യൂദാ ഈസ്ക്കര്യോത്താവായിരുന്നു. പണം കൂടുതൽ കൈവശം വന്നപ്പോൾ ധനമോഹിയും അവിശ്വസ്തനും കള്ളനും ആയിത്തീർന്നു (യോഹ 12:4–6). യേശുക്രിസ്തുവിനെ മുപ്പതു വെള്ളിക്കാശിനുവേണ്ടി കാണിച്ചുകൊടുത്തു. യേശുവിനെ മരണശിക്ഷയ്ക്കു വിധിച്ചു എന്നു യൂദാ അറിഞ്ഞപ്പോൾ 'ഞാൻ കുറ്റമില്ലാത്ത രക്തത്തെ കാണിച്ചുകൊടുത്തതിനാൽ പാപം ചെയ്തു' എന്നു മഹാപുരോഹിതന്മാരുടെയും മൂപ്പന്മാരുടെയും അടുക്കൽ ചെന്നു പറയുകയും **സ്വസ്ഥത നഷ്ടപ്പെട്ടവനായി** തൂങ്ങിമരിക്കുകയും ചെയ്തു (മത്തായി 27:3–5). ആ മരണത്തിൽ അവന്റെ ശരീരം നിലത്തു തലകീഴായി വീണു നടുവെ പിളർന്ന് അവന്റെ കുടലെല്ലാം തുറിച്ചു പോയി (അപ്പോ.പ്ര.1:18).

കർത്താവ് അവനെപ്പറ്റി തന്റെ മദ്ധ്യസ്ഥപ്രാർത്ഥനയിൽ ദൈവത്തോടു പറഞ്ഞു (യോഹ 17:12) "തിരുവെഴുത്തിനു നിവൃത്തിവരേണ്ടതിന് ആ നാശയോഗ്യനല്ലാതെ അവരിൽ ആരും നശിച്ചുപോയിട്ടില്ല." കർത്താവു പറഞ്ഞതിന്റെ അർത്ഥം, യൂദാ നശിച്ചുപോയി എന്നാണ്. മൂന്നരവർഷം കർത്താവിനോടുകൂടെ നടന്ന അവന്റെ മുൻകാല അനുഭവങ്ങൾ പരിഗണിച്ച് അവനെ നീതീകരിക്കുന്ന ഒരു പ്രവൃത്തിയും കർത്താവിന്റെ ഭാഗത്തുനിന്ന് ഉണ്ടായില്ല എന്നുള്ള യാഥാർത്ഥ്യം നാം അറിഞ്ഞിരിക്കണം.

## ആത്മഹത്യ പാടില്ല; എന്തുകൊണ്ട്?

കർത്താവു പറഞ്ഞു (മത്തായി 16:26) "ഒരു മനുഷ്യൻ സർവ്വലോകവും നേടീട്ടും തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം? അല്ല, തന്റെ ജീവനെ വീണ്ടുകൊൾവാൻ മനുഷ്യൻ എന്തു മറുവില കൊടുക്കും?" ദാവീദ് പറയുന്നത് (സങ്കീ 31:15), "എന്റെ കാലഗതികൾ നിന്റെ കയ്യിൽ ഇരിക്കുന്നു." ഭക്തനായ ഇയ്യോബ് തന്റെ മക്കൾ മരിച്ചപ്പോൾ പറഞ്ഞത്, "യഹോവ തന്നു, യഹോവ എടുത്തു" എന്നാണ് (ഇയ്യോബ് 1:21). "മരത്തിൽ തൂങ്ങുന്നവൻ എല്ലാം ശപിക്കപ്പെട്ടവൻ" എന്നും തിരുവചനം പറയുന്നു (ആവ 21:22, ഗലാ 3:13). യെഹെ 18:32 "മരിക്കുന്നവന്റെ മരണത്തിൽ എനിക്ക് ഇഷ്ടമില്ല എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാട്" നമ്മുടെ പ്രാണൻ ദൈവമായ യഹോവയുടെ പക്കൽ ജീവഭാണ്ഡത്തിൽ കെട്ടപ്പെട്ടിരിക്കുകയാണ് (1 ശമു 25:29).

ഈ വാക്യങ്ങളിൽ നിന്നെല്ലാം ഒരു കാര്യം വ്യക്തമാക്കുന്നത്. നമ്മുടെ പ്രാണൻ വിലയേറിയതാണ്; അതു ദൈവത്താൽ ലഭിച്ചതാണ്; അതിനെ തിരിച്ചെടുക്കുവാനുള്ള അധികാരം ദൈവത്തിനു മാത്രമുള്ളതാണ് എന്നതാണ്. എന്നാൽ മനുഷ്യൻ ഈ അധികാരത്തിൽ കൈ കടത്തി സ്വന്തം പ്രാണനെ ആത്മഹത്യയിൽക്കൂടെ നശിപ്പിക്കുന്നതു ദൈവത്തോടുള്ള വെല്ലുവിളിയാണ്. അതു കുറ്റകരവും ശിക്ഷാർഹവുമാണ് എന്നതിനു രണ്ടു പക്ഷമില്ല. പൂർണ്ണവളർച്ചയെത്തിയ ഗർഭസ്ഥ ശിശുവിനെ അബോർഷനിൽക്കൂടെ നശിപ്പിക്കുന്നതും കൊലപാതകം തന്നെയാണ്.

അനേകനാളുകൾക്കു മുൻപു ചില സഭകൾ **സഭയുടെ നിയമങ്ങൾക്കു വിരുദ്ധമായി ജീവിക്കുന്നവരെയും ആത്മഹത്യ ചെയ്യുന്നവരെയും** പള്ളിയുടെ ശവക്കോട്ടയിൽ അടക്കാതെ ശവക്കോട്ടയ്ക്കു പുറത്ത് ഒഴിച്ചിട്ടിരുന്ന തെമ്മാടിക്കുഴിയിൽ ആയിരുന്നു ശവം മറവുചെയ്തിരുന്നത്. എന്നാൽ കാലങ്ങൾ മാറി സാമ്പത്തികം വർദ്ധിച്ചപ്പോൾ ഇതിനെല്ലാം മാറ്റങ്ങൾ സംഭവിച്ചു.

ചില സ്ഥലങ്ങളിൽ വിശ്വാസികളായിരുന്ന ചിലർ വിശ്വാസത്തിൽ നിന്നു താഴ്ചകൾ സംഭവിച്ചപ്പോൾ ആത്മഹത്യ ചെയ്ത സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അവർ ഏതെങ്കിലും സഭയോടു ബന്ധപ്പെട്ടു നിന്നിരുന്നതിനാൽ മാനുഷിക പരിഗണന നല്കി അവ

രുടെ ശവവും അടക്കിക്കൊടുത്ത സന്ദർഭങ്ങൾ ധാരാളം ഉണ്ടായിട്ടുണ്ട്. മേലിലും ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ ശവംവെച്ചുകൊണ്ട് ഇടർച്ചകൾ ഉണ്ടാക്കാതെ അടക്കിക്കൊടുക്കുന്നതു മാനുഷിക കടമയാണ്.

എന്നാൽ അവിടെ വന്നുകൂടിയിരിക്കുന്ന ജനത്തിനു തെറ്റായ ഒരു സന്ദേശം കൈമാറുവാൻ ഇടയാകരുത്. **ആത്മഹത്യ ചെയ്തു മരിച്ചതു ദൈവഹിതമാണെന്നും ഒരാൾ എങ്ങനെ മരിച്ചാലും കർത്താവിന്റെ അടുക്കൽ കാണും എന്നുള്ള പ്രസ്താവനകൾ ഒഴിവാക്കണം.** ഇപ്പോഴുള്ള മാർത്തോമ്മാ, സി.എസ്.ഐ, ലൂഥറൻ സഭകളിൽ എത്ര വലിയ പാപം ചെയ്താലും അവൻ മദ്യപാനി ആയിരുന്നാലും അടക്കശുശ്രൂഷാ പുസ്തകത്തിൽ **"കർത്താവിൽ മരിച്ച"** എന്ന പദം ഉപയോഗിച്ച് ശുശ്രൂഷ ചെയ്യുന്നു. ഇത് യാഥാർത്ഥ്യമല്ലെന്നറിഞ്ഞിട്ടു ശുശ്രൂഷാക്രമത്തിൽ ഉള്ളതിനാൽ വായിച്ചശേഷം കുഴിച്ചിടുന്നു. ഇങ്ങനെ ശവസംസ്കാരം നടത്തിക്കലും തെറ്റായി ജീവിച്ച് മരിച്ച് ആത്മഹത്യചെയ്ത വ്യക്തി സ്വർഗ്ഗത്തിന് അവകാശി അല്ല എന്ന് വായനക്കാരും സഭകളും അറിയണം. ശുശ്രൂഷകളിൽ ഭാഗഭാക്കാക്കുന്നവർ പരിജ്ഞാനത്തോടുകൂടെ ദൈവവചനം ശുശ്രൂഷിക്കുകയും പ്രാർത്ഥനയിൽ പോലും അപാകതകൾ വരാതെ സൂക്ഷിക്കുകയും മരിച്ച വ്യക്തിയുടെ ബന്ധുമിത്രാദികൾക്കു ദുഃഖത്തിന്മേൽ ദുഃഖം വരാതെയും, അവരെ വേദനിപ്പിക്കാതെയും എല്ലാം ദൈവവചനത്തിന്റെ വെളിച്ചത്തിൽ പരിജ്ഞാനത്തോടുകൂടെ ചെയ്യുവാനും ഉത്സാഹിക്കണം. സകലവും ചന്തവും ഉചിതവും ആയിരിക്കണം.

## ആത്മഹത്യ - കാരണങ്ങൾ

**1. അമിതാഗ്രഹങ്ങൾ; നിരാശ**

ചിലരിൽ ചില കാരണങ്ങളാൽ നിരാശ ബാധിക്കുകയും അതിനു പ്രതിവിധി ചെയ്യാതെ കുറെനാളുകൾ മുൻപോട്ടു പോകുമ്പോൾ വലിയ നിരാശയിലേക്കു വഴുതി വീഴുകയും തത്ഫലമായി അവർക്ക് ഉറക്കം നഷ്ടപ്പെടുകയും ഭക്ഷണം കഴിക്കാതിരിക്കുകയും എല്ലാറ്റിനോടും വെറുപ്പും വിദ്വേഷവും ഉണ്ടാകുകയും ജീവിതം തന്നെ കൈപ്പായിത്തീരുകയും ചെയ്യും. ഇതിനോടുകൂടെ ആ വ്യക്തി തന്റെ സുബോധമനസ്സിൽ നിന്ന് അന്യമായിത്തീരുകയും അബോധമനസ്സിന്റെ ഉടമയായിത്തീരുകയും ചെയ്യും.

ഇങ്ങനെയുള്ള അവസരത്തിൽ ആ വ്യക്തിയെ പ്രത്യേകം ശ്രദ്ധിക്കുകയും നിരന്തരം കരുതുകയും കൗൺസിലിങ് നടത്തുകയും ദൈവജനം പ്രത്യേകം പ്രാർത്ഥിക്കുകയും മാനസിക ചികിത്സാ വിദഗ്ദ്ധരുടെ ഉപദേശങ്ങൾ അംഗീകരിക്കുകയും ചെയ്യണം. അദ്ദേഹം ഇതിൽ നിന്നു വിടുതൽ പ്രാപിക്കുന്നതുവരെ എന്തെങ്കിലും അവിവേകം ചെയ്യാതിരിക്കേണ്ടതിന് എല്ലാവരുടെയും നോട്ടം വ്യക്തിയിൽ ഉണ്ടായിരിക്കണം.

ഫ്രോയിഡ് എന്ന മനഃശാസ്ത്രജ്ഞൻ ആത്മഹത്യയെപ്പറ്റി പറയുന്നത്, ഒരുവന്റെ ഉപബോധമനസ്സിൽ കുടികൊള്ളുന്ന കോപത്തെയും **അക്രമാസക്തിയെയും മറ്റുള്ളവരുടെ നേരെ പ്രയോഗിക്കാതെ തന്നിലേക്കു തന്നെ തിരിച്ചുവിടുന്ന പ്രക്രിയ** എന്നാണ്.

മനുഷ്യനെ ആത്മഹത്യയിലേക്കു നയിക്കുന്ന വസ്തുത, അവനിൽ പെട്ടെന്ന് ഉളവാകുന്ന ആഴമേറിയ നിരാശയാണ്. എനിക്ക് ആരുമില്ല, എന്നെ കരുതുന്നവരില്ല, എന്നെ സ്നേഹിക്കുന്നവരില്ല, എന്റെ കടബാദ്ധ്യതകൾ എന്നെക്കൊണ്ട് ഒരിക്കലും കൊടുത്തു വീട്ടുവാൻ കഴിയുകയില്ല, എന്റെ രോഗം എന്നിൽ നിന്നു മാറുകയില്ല, ഞാൻ എല്ലാവർക്കും ഒരു ബാദ്ധ്യതയായിത്തീരും, എന്റെ അപമാനത്തിൽ ഞാൻ ഇനിയും എങ്ങനെ മനുഷ്യരുടെ മുഖത്തു നോക്കും ആദിയായ ചിന്തകൾ പിശാച് നമ്മുടെ ഉള്ളത്തിൽ നല്കിത്തരുകയും സ്വസ്ഥത ഇല്ലാതെ ഏതു വിധത്തിലും പ്രാണനെ നശിപ്പിക്കുകയും ചെയ്യും.

ആത്മഹത്യ ഒരിക്കലും ഒരു പ്രശ്നപരിഹാരമല്ല. ഇപ്രകാരം ദൈവത്തെ കൂടാതെ സ്വയം മരണം തിരഞ്ഞെടുക്കുന്നവർ പാതാളത്തിൽ യാതനാസ്ഥലത്ത്, ഒരു സ്വസ്ഥതയും ലഭിക്കാത്ത സ്ഥലത്തു നിത്യം വസിക്കേണ്ടിവരും എന്ന് അറിഞ്ഞിരിക്കണം. അതിന്റെ അവസാനം നിത്യനരകവും ആണ്.

അബ്രഹാമിന്റെ ഭാര്യ സാറയ്ക്ക് ഒരിക്കൽ ഫറവോന്റെ അടുക്കലും മറ്റൊരിക്കൽ ഗെരാർ രാജാവായ അബീമേലെക്കിന്റെ അടുക്കലും പോകേണ്ടിവന്നു. അബ്രഹാം ആത്മഹത്യ ചെയ്തില്ല, കാരണം താൻ ദൈവത്തിൽ ആശ്രയിക്കുകയും വിശ്വസിക്കുകയും ചെയ്യുന്ന വ്യക്തിയായതുകൊണ്ടു ദൈവം തനിക്കായി പ്രവർത്തിച്ചു.

ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള ദാവീദ്, തന്റെ രാജ്യത്തെ പട്ടാളക്കാരനായിരുന്ന ഊരിയാവിന്റെ ഭാര്യ ബത്ത്ശേബയുമായി അവിഹിതബന്ധത്തിൽ ഏർപ്പെടുകയും വിശ്വസ്തനായിരുന്ന ഊരിയാവിനെ ചതിവിൽ കൊല്ലുകയും ചെയ്തു. തന്റെ നീചമായ ഈ പ്രവൃത്തിയിൽ ദൈവവും പ്രവാചകനും ശക്തമായി പ്രതികരിച്ചു. രാജ്യത്തെ ജനങ്ങൾ ഇതെല്ലാം അറിഞ്ഞു. എന്നാൽ ദാവീദും ആത്മഹത്യ ചെയ്തില്ല. തന്റെ പാപങ്ങൾ ദൈവത്തോട് ഏറ്റുപറഞ്ഞു നിരപ്പുപ്രാപിച്ചു.

കർത്താവു പറഞ്ഞ ഉപമയിലെ മുടിയൻ പുത്രൻ, സ്വത്തെല്ലാം വിറ്റുതുലച്ചു ഭക്ഷണത്തിനുപോലും വകയില്ലാതെ ഭാരപ്പെട്ടപ്പോഴും ആത്മഹത്യ ചെയ്യാതെ അപ്പന്റെ ഭവനത്തിൽ മടങ്ങിവന്നു ക്ഷമ ചോദിച്ചു വീട്ടിലെ സന്തോഷം തിരികെ പ്രാപിച്ചു. (യെഹ 18:23 "ദുഷ്ടന്റെ മരണത്തിൽ എനിക്ക് അല്പമെങ്കിലും താല്പര്യം ഉണ്ടോ? അവൻ തന്റെ വഴികളെ വിട്ടുതിരിഞ്ഞു ജീവിക്കണമെന്നല്ലയോ എന്റെ താല്പര്യം എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാട്.")

എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം യേശുക്രിസ്തുവിൽ ഉണ്ട്. ദൈവത്തിനു ക്ഷമിക്കുവാൻ കഴിയാത്ത ഒരു പാപവും ഇല്ല; യേശുക്രിസ്തുവിനു സൗഖ്യമാക്കുവാൻ കഴിയാത്ത ഒരു രോഗവും ഇല്ല; യേശുക്രിസ്തുവിനു വഹിക്കുവാൻ പ്രയാസമുള്ള ഒരു ഭാരവും ഇല്ല. "നിന്റെ ഭാരം യഹോവയുടെമേൽ വെച്ചുകൊൾക; അവൻ നിന്നെ പുലർത്തും" (സങ്കീ 55:22). "നിന്റെ പ്രവൃത്തികളെ യഹോവയ്ക്കു സമർപ്പിക്ക; എന്നാൽ നിന്റെ ഉദ്ദേശ്യങ്ങൾ സാധിക്കും" (സദൃ 16:3).

ആകയാൽ നിരാശയുടെ ചുഴിക്കുറ്റിയിൽ ചുറ്റിത്തിരിയുന്നവർക്ക് ശരിയായ കൗൺസിലിംഗ് നൽകിയാൽ അവരെ സ്വയഹത്യയുടെ ആവേശത്തിൽ നിന്നു രക്ഷിക്കുവാൻ സാധിക്കും. മരത്തിന്മേൽ തൂങ്ങുന്നവൻ ശപിക്കപ്പെട്ടവൻ, ശരീരം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും എന്ന കാര്യം മനസ്സിലാക്കി ദൈവമക്കൾ സ്വയഹത്യാപ്രവണതയ്ക്കെതിരെ ജാഗ്രതയുള്ളവരായിരിക്കണം (ആവ 21:22, ഗലാ 3:13, സദൃ 8:36). പിശാചിന്റെ ആവനാഴിയിലുള്ള അവസാനത്തെ ആയുധമാണ് സ്വയഹത്യ എന്ന് അറിഞ്ഞുകൊള്ളേണ്ടതും ആകുന്നു. മരണത്തിന്റെയും പാതാളത്തിന്റെയും ഉൽപ്പന്നങ്ങളാണ് സ്വയഹത്യയും കൊലപാതകവും അത്യാഹിതങ്ങളും.

**2. പിശാച് :**

സ്വാഭാവിക മരണത്തിനപ്പുറം നിന്നുകൊണ്ട് മനുഷ്യനെ കൊല്ലിക്കുവാൻ വേണ്ടി ഇതിന്റെയെല്ലാം പിന്നിൽ പ്രവർത്തിക്കുന്നത് സാത്താന്റെ കറുത്ത കരങ്ങൾ തന്നെയാണ്. സ്വയഹത്യക്കു കാരണമാകുന്ന നൈരാശ്യവും, കൊലപാതകത്തിനു കാരണമാകുന്ന പകയും വൈരാഗ്യവും മനുഷ്യഹൃദയങ്ങളിൽ കുത്തിനിറച്ചു സാത്താൻ മനുഷ്യമനസ്സിന്റെ സമനില തെറ്റിക്കുന്നു. പക ഹൃദയത്തിൽ കടന്നുകൂടിയാൽ സൂക്ഷിച്ചില്ലെങ്കിൽ പേവിഷബാധപോലെ അത് മനുഷ്യനെ അപകടപ്പെടുത്തുന്നതാണ്. ജീവിതനൈരാശ്യം ഉണ്ടാകുന്ന അവസരങ്ങളിൽ കർത്താവായ യേശുക്രിസ്തുവിനെ തൊട്ടാൽ വിടുതൽ തിട്ടമെന്നു രക്തസ്രാവക്കാരിയുടെ സംഭവം നമ്മോടു വിളിച്ചു പറയുന്നു. നിരവധി വൈദ്യന്മാർ അവളെ ചികിത്സിച്ചു പഠിച്ചതിനാൽ അവൾക്കുണ്ടായിരുന്ന സമ്പത്തെല്ലാം നഷ്ടമായി എന്നല്ലാതെ അവളുടെ രോഗം സൗഖ്യമായില്ല. ജീവരക്തം വാർന്നു പൊയ്ക്കൊണ്ടിരുന്നതിനാൽ അവളുടെ ശരീരവും, പള്ളിക്കാരും പട്ടക്കാരും നാട്ടുകാരും വീട്ടുകാരും കൂട്ടുകാരും അശുദ്ധ  എന്നു തള്ളിപ്പറഞ്ഞ് ഒറ്റപ്പെടുത്തിയതിനാൽ അവളുടെ ഗൂഢമനുഷ്യൻ കുടികൊള്ളുന്ന ഹൃദയവും വല്ലാതെ തളർന്നിരുന്നു (സങ്കീ 51:13). അവൾ സ്വയഹത്യക്കായി മനസ്സുവെച്ചിരുന്നുവെന്നു ചിന്തിക്കുന്നിൽ ഒട്ടും അതിശോക്തിയില്ല. പക്ഷേ, യേശുവിന്റെ വർത്തമാനം അവളുടെ മനോഗതിയെ പാടേ മറിച്ചു. അവൾ യേശുകർത്താവിനെ തൊട്ടു. ബാധയൊഴിഞ്ഞു രോഗം സൗഖ്യമായി. സ്വയഹത്യക്കു കാരണമാകാമായിരുന്ന ജീവതനൈരാശ്യം അവളെ വിട്ടുപോയി. പേരും മേൽവി

ലാസവും ഇല്ലാത്ത ആരുമല്ലാതിരുന്ന അവൾ യേശുവിനെ തൊട്ടപ്പോൾ ആരോ ഒക്കോ ആയി. എല്ലാവരും അവളെ കാണുവാൻ ആഗ്രഹിച്ചു. ഇന്നവൾ അന്താരാഷ്ട്ര നിലവാരമുള്ള ഒരു വിഷയമാണ് (മർ 5:25–34). അവൾ ബാധ മാറി സ്വസ്ഥയായി എന്നറിഞ്ഞിട്ടും യേശുവിനെ വിട്ടുപോകാതിരുന്നതിനാൽ യേശു അവളുടെ ബാധ ഒഴിച്ചുവിട്ടുവെന്നു കാണുന്നു. അവൾ പോയിരുന്നുവെങ്കിൽ അവളെ വിട്ടുമാറിയ ബാധ അവൾ വീട്ടിൽ എത്തിക്കഴിയുമ്പോഴെക്കും ഏഴ് ഇരട്ടിയായി അവളിലേക്കു മടങ്ങിച്ചെല്ലുമായിരുന്നുവെന്നും അവൾക്കറിയാമായിരുന്നു.

**ആത്മഹത്യയിൽ നിന്ന് വിടുതൽ!**

പ്രതികൂല സാഹചര്യങ്ങളെ പുതിയ പരീക്ഷണത്തിനും, മാറ്റത്തിനുമുള്ള അവസരങ്ങളാക്കി, ക്രിയാത്മകമായി പ്രശ്നങ്ങളോട് പ്രതികരിക്കുന്ന ഒരു ശൈലി കൈവരിക്കേണ്ടിയിരിക്കുന്നു. പ്രശ്നങ്ങൾ അവസരങ്ങളാണ്.

നമ്മുടെ പ്രതീക്ഷകൾക്ക് വിപരീതമായി, നമ്മുടെ സ്വപ്നങ്ങൾ തകരുമ്പോൾ വേദനകളും യാതനകളും പ്രതിസന്ധികളുമുണ്ടാകുമ്പോൾ പ്രതിബന്ധങ്ങളെ പ്രസന്നതയോടെ പ്രസരിപ്പോടെ അവയെല്ലാം തരണം ചെയ്യുവാനുള്ള ഏതാനും പ്രായോഗിക നിർദ്ദേശങ്ങൾ പങ്കുവെയ്ക്കുന്നു.

**ആഗോള പ്രതിഭാസം:** 'ഉറുമ്പിന് അരിഭാരം, ആനയ്ക്ക് തടി ഭാരം'. പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ എനിക്ക് മാത്രമല്ല, എല്ലാവർക്കും പ്രശ്നങ്ങൾ ഉണ്ടെന്ന യാഥാർത്ഥ്യം മനസ്സിലാക്കുക. ഒരിക്കൽ ഒരു കോടീശ്വരൻ പ്രശ്സ്ത മനഃശാസ്ത്രജ്ഞനായ വിൻസന്റ് പീലിനെ കാണുവാൻ വന്നു. 'എനിക്ക് പണമുണ്ട്. സ്വത്തുണ്ട്. എല്ലാവിധ സുഖസൗകര്യങ്ങളുമുണ്ട്. പക്ഷേ, സമാധമില്ല. സന്തോഷമില്ല. സംതൃപ്തിയില്ല. എപ്പോഴും മനസ്സിൽ അസ്വസ്ഥതയാണ്. രാത്രിയിൽ ഉറക്കമില്ല. ഭക്ഷണത്തോട് വിരക്തിയും. യാതൊരു ടെൻഷനുമില്ലാതെ, മനഃസമാധാനത്തോടെ കഴിയുന്നവരുടെയിൽ ഏതാനും ദിവസങ്ങൾ ചെലവഴിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ടെൻഷനില്ലാത്തവർ എവിടെയാണ്.'

വിൻസന്റ് പീലിന് ഉത്തരം മുട്ടി. അല്പസമയത്തെ മൗനത്തിനുശേഷം അദ്ദേഹം ആ കോടീശ്വരനോട് പറഞ്ഞു : 'നമുക്ക് പോകാം.'

വളരെയധികം സന്തോഷത്തോടെ അയാൾ കാറിൽ കയറി. അധികം താമസിയാതെ അവർ ലക്ഷ്യസ്ഥാനത്തെത്തി. പ്രശ്നങ്ങളില്ലാത്ത സ്ഥലം. ടെൻഷനില്ലാത്ത ലോകം. അത് ഒരു ശ്മശാനമായിരുന്നു.

ബുദ്ധിമുട്ടുകളും പ്രയാസങ്ങളുമൊക്കെ ഒരു ആഗോളപ്രതിഭാസമാണെന്ന് അയാൾക്ക് ബോധ്യപ്പെട്ടു. ഒരുവന് സാമ്പത്തിക പ്രതിസന്ധി. മറ്റൊരുവന് ശാരീരിക രോഗം. ബിസിനസ് പരാജയം, തിരസ്കരണം. വിമർശനം. തെറ്റിദ്ധാരണ. മക്കളില്ലാത്തതി

ലുള്ള ദുഃഖം. പ്രിയപ്പെട്ടവരുടെ നഷ്ടബോധം. പരീക്ഷയെപ്പറ്റിയുള്ള ആകുലത. ജോലിയ്ക്കുവേണ്ടിയുള്ള കാത്തിരിപ്പ്. വഴിതെറ്റിപ്പോയ മക്കളെപ്പറ്റിയുള്ള ചിന്ത. വിവാഹം നടക്കാത്തതിലുള്ള വിഷമം. ഈ ലോകത്തിലുള്ള എല്ലാവരും ഏതെങ്കിലും മേഖലയിൽ പ്രശ്നങ്ങൾ നേരിടുന്നവരാണ്. പ്രശ്നങ്ങൾ അപ്രതീക്ഷിതമല്ല. അസ്വഭാവികമല്ല. മറിച്ച്, ജീവിതത്തിന്റെ ഒരു ഭാഗ മാണ്. അതുകൊണ്ടാണ്, വിശുദ്ധ പത്രോസ് അപ്പോസ്തലൻ എഴുതിയത് : **'പ്രിയപ്പെട്ടവരെ, നിങ്ങളെ പരിശോധിക്കുവാനായി അഗ്നിപരീക്ഷകളുണ്ടാകുമ്പോൾ, അപ്രതീക്ഷിതമായ എന്തോ സംഭവിക്കുന്നുവെന്നപോലെ പരിഭ്രമിക്കരുത് (1 പത്രൊ 4:12).**

**ദൈവികസാന്നിദ്ധ്യം :** ജീവിതത്തിൽ പ്രതിസന്ധികളുണ്ടാകുമ്പോൾ, നമ്മെ മനസ്സിലാക്കുന്ന, നമുക്ക് ശക്തി പകർന്നുതരുന്ന, നമ്മെ ആശ്വസിപ്പിക്കുന്ന ദൈവം നമ്മോടൊപ്പമുണ്ടെന്ന് വിശ്വസിക്കുക. ദൈവികസാന്നിദ്ധ്യം അദൃശ്യമാണ്. ബാഹ്യമായ കണ്ണുകൾകൊണ്ട് വേദനയുടെ നിമിഷങ്ങളിൽ ദൈവത്തെ കാണാനാവില്ല. ആന്തരികമായ ഉൾക്കണ്ണുകൾ കൊണ്ട് മാത്രമേ അവിടുത്തെ സാന്നിദ്ധ്യം നമുക്ക് അനുഭവവേദ്യമാകൂ.

ഒരിക്കൽ ഒരു യുവാവിന് ഒരു സ്വപ്നമുണ്ടായി. അവൻ ദൈവത്തോടൊപ്പം കടൽത്തീരത്തു കൂടി നടക്കുകയാണ്. തന്റെ ജീവിതത്തിലുണ്ടായ സന്തോഷകരമായ അനുഭവങ്ങളും, വേദനാജനകമായ എല്ലാ സംഭവങ്ങളും ആകാശത്ത് ദർശിക്കാൻ കഴിഞ്ഞു.

സന്തോഷകരമായ അനുഭവങ്ങൾ ആകാശത്ത് ദൃശ്യമായപ്പോൾ, കടൽത്തീരത്ത് രണ്ടു ജോഡി കാൽപ്പാടുകൾ അവൻ കണ്ടു. ഒന്ന് തന്റേത്. മറ്റേത് ദൈവത്തിന്റെയും. 'ഞാൻ സന്തോഷിച്ചപ്പോൾ അങ്ങെന്റെ കൂടെയുണ്ടായിരുന്നു.' അവൻ ദൈവത്തോട് നന്ദി പറഞ്ഞു.

പക്ഷേ, തിക്താനുഭവങ്ങൾ ആകാശത്തിൽ പ്രത്യക്ഷപ്പെട്ടപ്പോൾ, അവൻ ഒരു ജോഡി കാൽപാടുകൾ മാത്രം കണ്ടു. അവൻ ദൈവത്തോട് പരാതിപ്പെട്ടു : 'കർത്താവേ, അങ്ങ് എന്നോടൊപ്പം എപ്പോഴും ഉണ്ടാകുമെന്ന് വാഗ്ദാനം ചെയ്തിട്ടുള്ളതാണല്ലോ. എന്നാൽ, നിർണ്ണായകഘട്ടങ്ങളിൽ അങ്ങെന്നെ കൈവെടിയുകയാണ് ചെയ്തത്. അങ്ങ് എന്നോടൊപ്പം ഉണ്ടായിരുന്നെങ്കിൽ, രണ്ട് ജോഡി കാൽപാടുകൾ കാണേണ്ടതായിരുന്നു. അങ്ങയെ എനിക്ക് ഏറ്റവും കൂടുതൽ ആവശ്യമായിരുന്ന സമയത്ത് അങ്ങെന്നെ ഉപേക്ഷിച്ചു.'

അവനെ തലോടിക്കൊണ്ട് ദൈവം പറഞ്ഞു : 'ഞാൻ നിന്നെ ഒരിക്കലും കൈവെടിഞ്ഞില്ല. ഒരിക്കലും ഞാൻ നിന്നെ കൈവെടിയുകയില്ല. നീ വേദനയനുഭവിച്ചപ്പൊഴൊക്കെ, നിന്റെ അസ്വസ്ഥകളുടെ നിമിഷങ്ങളിലെല്ലാം നിന്നെ ഞാൻ തോളിലേറ്റി നടക്കുകയായിരുന്നു. അതുകൊണ്ട് ഈ കാണുന്ന കാൽപാടുകൾ നിന്റേതല്ല. എന്റേതാണ്.'

"മനസ്സോടെയല്ലല്ലോ അവൻ മനുഷ്യപുത്രന്മാരെ ദുഃഖിപ്പിച്ചു വ്യസനിപ്പിക്കു്ന നത് (വിലാ 3:33). ദൈവം ഒരു സാഡിസ്റ്റല്ല. നാം വേദനിക്കുമ്പോൾ സന്തോഷിക്കുന്നവ നല്ല. വിശുദ്ധ പൗലോസ് എഴുതിയിരിക്കുന്നതുപോലെ, 'ദൈവം വിശ്വസ്തനാണ്. നിങ്ങ ളുടെ ശക്തിക്കതതീതമായ പ്രലോഭനങ്ങൾ ഉണ്ടാകാൻ അവിടുന്ന് അനുവദിക്കുകയില്ല. പ്രലോഭനങ്ങൾ ഉണ്ടാകുമ്പോൾ അവയെ അതിജീവിക്കാൻ വേണ്ട ശക്തി അവിടുന്ന് നിങ്ങൾക്ക് നല്കും' (1 കൊരി 10:13).

ദൈവത്തിന്റെ സഹായസാന്നിദ്ധ്യത്തെ പറ്റി വിശുദ്ധ ഗ്രന്ഥത്തിലെ എബ്രായർക്കെ ഴുതിയ ലേഖനം വളരെ ശ്രദ്ധേയമാണ്. 'കർത്താവ് പീഢ സഹിക്കുകയും പരീക്ഷിക്ക പ്പെടുകയും ചെയ്തതുകൊണ്ട് പരീക്ഷിക്കപ്പെടുന്നവരെ സഹായിക്കാൻ അവിടുത്തേയ്ക്ക് സാധിക്കും.' (എബ്രാ 2:18).

കർത്താവ് നമ്മെ ഓർമ്മിപ്പിക്കുന്നു. 'അദ്ധ്വാനിക്കുന്നവരും, ഭാരം ചുമക്കുന്നവരു മായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം.' (മത്താ 11:28). വിശുദ്ധ പത്രോസിന്റെ ഉപദേശവും ഇതു തന്നെ : 'നിങ്ങളുടെ ഉത്കണ്ഠ കളെല്ലാം കർത്താവിനെ ഏൽപ്പിക്കുവിൻ. അവിടുന്ന് നിങ്ങളുടെ കാര്യത്തിൽ ശ്രദ്ധാലു വാണ്. നിങ്ങൾ സമചിത്തതയോടെ ഉയർന്നിരിക്കുവിൻ' (1 പത്രോ 5:7).

ദൈവത്തിന്റെ അനന്തമായ സ്നേഹത്തെപ്പറ്റി യെശയ്യാ പ്രവാചകൻ പറയുന്നു : 'മുല കുടിക്കുന്ന കുഞ്ഞിനെ അമ്മയ്ക്ക് മറക്കാനാകുമോ? പുത്രനോട് പെറ്റമ്മ കരുണ കാണിക്കാതിരിക്കുമോ? അവൾ മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല. ഇതാ, നിന്നെ ഞാൻ എന്റെ ഉള്ളം കൈയിൽ രേഖപ്പെടുത്തിയിരിക്കുന്നു.' (യെശ 49:15–16).

**സംഭവിക്കുന്നതെല്ലാം നല്ലതിന് :** ദൈവവചനത്തിന്റെ കാതലായ സന്ദേശമിതാണ്. 'ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക്, ദൈവം എല്ലാം നന്മയ്ക്കായി പരിണമിപ്പിക്കുന്നു' (റോമ 8:28).

ഏതാനും വർഷങ്ങൾക്കു മുമ്പുണ്ടായ ഒരു സംഭവം. സുപ്രധാനമായ ഒരു മീറ്റിം ഗിൽ പങ്കെടുക്കുവാനായിട്ടാണ് അതിരാവിലെ ഒരു ഉന്നതഉദ്യോഗസ്ഥ ആലപ്പുഴ ബോട്ട് ജട്ടിയിലെത്തിയത്. പക്ഷേ ബോട്ട് പുറപ്പെട്ട് കഴിഞ്ഞിരുന്നു. നിരാശയോടെ മടങ്ങേണ്ടി വന്ന ആ സ്ത്രീ ദേഷ്യത്തോടെ ദൈവത്തിന്റെ മുമ്പിൽ പരാതിപ്പെട്ടു. 'അങ്ങാടിയിൽ തോറ്റതിന് അമ്മയോട്' എന്ന പോലെ കണ്ടവരോടെല്ലാം ദേഷ്യപ്പെട്ടു.

പെട്ടെന്നാണ് ഞെട്ടിപ്പിക്കുന്ന ആ വാർത്ത വന്നത്. അവൾ യാത്ര ചെയ്യേണ്ടിയി രുന്ന ബോട്ട് മറിഞ്ഞ്, മുപ്പതിലേറെ പേർ മുങ്ങിമരിച്ചിരിക്കുന്നു. ആ സ്ത്രീയ്ക്ക് ബോധോ ദയമുണ്ടായി. 'ആ ബോട്ടിൽ സഞ്ചരിച്ചിരുന്നുവെങ്കിൽ ഞാനും മരിക്കുമായിരുന്നു.' യിരെമ്യാ പ്രവാചകന്റെ വാക്കുകൾ ഇവിടെ യാഥാർത്ഥ്യമായി. കർത്താവ് അരുളിച്ചെ യ്യുന്നു: നിങ്ങളെക്കുറിച്ചുള്ള പദ്ധതി എന്റെ മനസ്സിലുണ്ട്. നിങ്ങളുടെ നാശത്തിനല്ല.

ക്ഷേത്തിനുള്ള പദ്ധതിയാണത്. നിങ്ങൾക്ക് ശുഭമായ ഭാവിയും പ്രത്യശയും നല്കുന്ന പദ്ധതി. ഞാൻ നിങ്ങളുടെ ഐശ്വര്യം പുനഃസ്ഥാപിക്കും. ഈ വചനം മുൻപറഞ്ഞ റോമാ ലേഖനത്തിൽ ദൈവം പറഞ്ഞതുപോലെ ദൈവത്താൽ വിളിക്കപ്പെട്ടവർക്ക് രോഗം വന്നാലും, മരണം സംഭവിച്ചാലും അത് നന്മയ്ക്കായി മാത്രം! ഈ വചനം നാമധേയ ക്രിസ്ത്യാനികൾക്കുള്ളതല്ല!

പ്രതിസന്ധികൾ ജീവിതത്തെ തളർത്തുവാൻ അനുവദിക്കാതെ, വളർച്ചയ്ക്കും ഉയർച്ചയ്ക്കുമുള്ള ഉപാധികളാക്കിയ നിരവധി മഹാന്മാരുണ്ട്. വ്യത്യസ്തരോഗങ്ങൾ വന്ന് 45 പ്രാവശ്യം ശസ്ത്രക്രിയയ്ക്ക് വിധേയനായി തളർവാതിയായ ഒരു മഹാനാണ് ഫ്രാങ്ക്സ്കള്ളി. കിടപ്പിലായിട്ടും കിടക്കയിൽ കിടന്നുകൊണ്ട് അദ്ദേഹം വളരെ പ്രശസ്തമായ ഒരു പുസ്തകമെഴുതി : 'കിടക്കയിലെ തമാശ'

1968–ൽ ഹെലൻ കെല്ലർ അന്ധയും, ബന്ധിരയുമായിത്തീർന്നു. എന്നിട്ടും, അവർ നിരവധി ഡിഗ്രികൾ സമ്പാദിച്ചു. ലോകം മുഴുവൻ അറിയപ്പെടുന്ന ഒരു പ്രാസംഗികയും എഴുത്തുകാരിയുമായി. വാതരോഗം പിടിപെട്ട് ക്ലേശിക്കുന്ന സമയത്താണ് വിശ്വപ്രസിദ്ധനാടകകൃത്തായ ഷേക്സ്പിയർ 'ഹാംലെറ്റ്' എന്ന നാടകം എഴുതിയത്. സ്വാതന്ത്ര്യസമരകാലത്ത് ജയിലിൽ വച്ചാണ് ആയിരത്തിലേറെ പേജുള്ള 'വിശ്വചരിത്രാവലോകനം', 'ഇന്ത്യയെ കണ്ടെത്തൽ' എന്നീ പുസ്തകങ്ങൾ ജവഹർലാൽ നെഹ്റു രചിച്ചത്.

അമേരിക്കൻ പ്രസിഡന്റ് ആയിരുന്ന കെന്നഡി മാറാരോഗം പിടിപെട്ട് ആശുപത്രിയിൽ കഴിയുന്ന സമയത്ത് എഴുതിയ 'ധീരതയുടെ രൂപരേഖ' എന്ന പുസ്തകം നിരവധി ഭാഷകളിലേയ്ക്ക് തർജ്ജിമ ചെയ്തിട്ടുണ്ട്. ലോകത്തിലെ ഏറ്റവും അറിയപ്പെടുന്ന എഴുത്തുകാരായിരുന്ന ഹോമറും, മിൽട്ടണും, ഡാന്റേയും അവരുടെ ഇതിഹാസതുല്യങ്ങളായ കവിതകളെഴുതിയത്.അവരുടെ കാഴ്ചശക്തി നശ്ടപ്പെട്ടതിന് ശേഷമായിരുന്നു.

മലയാളസാഹിത്യകാരന്മാരിൽ പ്രമുഖനായിരുന്ന കെ.പി.കേശവമേനോൻ 'ക്രിസ്തുദേവൻ' ഉൾപ്പെടെയുള്ള പല കൃതികളും രചിച്ചത് കാഴ്ചശക്തി നഷ്ടപ്പെട്ടതിന് ശേഷമായിരുന്നു. ബധിരനായിരുന്നിട്ടും, ബിഥോവൻ ലോകത്തിലെ ഏറ്റവും മികച്ച സംഗീതജ്ഞനായി!! വേദപുസ്തകത്തിൽ കർത്താവിന്റെ അപ്പോസ്തലനായ പൗലോസ് കർത്താവിനായി പ്രവർത്തിച്ചതും 14 ലേഖനങ്ങൾ എഴുതിയതും കാഴ്ച ഭാഗികമായി നഷ്ടപ്പെട്ടശേഷവും വളരെയധികം പ്രതികൂലസാഹചര്യങ്ങളിൽ കൂടിയുമാണ് (2 കൊരി 11:23–31).

ആദ്യമായി എവറസ്റ്റ് കൊടുമുടി കീഴടക്കിയ ഹിലാരിയുടെ വിജയപശ്ചാത്തലം പരിശോധിക്കുക. പ്രതിബന്ധങ്ങൾ മൂലം നിരവധി തവണ എവസ്റ്റിലെത്താതെ ഹിലാരിക്ക് പിന്തിരിയേണ്ടി വന്നു. ലണ്ടനിൽ നടന്ന ഒരു പൊതുചടങ്ങളിൽ പ്രസംഗിക്കാനെത്തിയ ഹിലാരി, അവിടെ പ്രദർശിപ്പിച്ച എവറസ്റ്റ് കൊടുമുടിയുടെ മനോഹരമായ ഒരു

ചിത്രം കണ്ടു. ആ ചിത്രത്തെ ചൂണ്ടിക്കാണിച്ചുകൊണ്ട് അദ്ദേഹം പ്രഖ്യാപിച്ചു. ‘എവറസ്റ്റ്, നീ എന്നെ പരാജയപ്പെടുത്തി. പക്ഷേ, ഞാൻ വീണ്ടും വരും. ഞാൻ നിന്നെ കീഴടക്കും. കാരണം നിനക്കിനി വളരാനാവില്ല. എനിക്കിനിയും വളരാനാകും.’

ഹിലാരി പൂർവ്വാധികം ദൃഢനിശ്ചയത്തോടെ വീണ്ടും പുറപ്പെട്ടു. എവറസ്റ്റ് അദ്ദേഹത്തിന് കീഴടങ്ങി. പരാജയം വിജയത്തിനുള്ള ചവിട്ടുപടിയാക്കിയ അദ്ദേഹത്തിന്റെ സാഹസിക മാതൃകയാണ് ഇന്നത്തെ തലമുറ അനുകരിക്കേണ്ടത്.

**പരിമിതികളുടെ അംഗീകാരം :** എനിക്ക് മാറ്റുവാൻ പറ്റാത്ത എന്റെ പരിമിതികൾ ഞാൻ അംഗീകരിക്കണം. എന്റെ ശരീരപ്രകൃതി, എന്റെ കഴിവുകൾ, എന്റെ മാതാപിതാക്കൾ, എന്റെ ഭാര്യ, എന്റെ ഭർത്താവ്, എന്റെ മക്കൾ. എന്റെ സഹോദരീ സഹോദരങ്ങൾ, എന്റെ സാമ്പത്തികപശ്ചാത്തലം.

ജന്മനാ തന്നെ വലതുകൈ ഇല്ലാതിരുന്നിട്ടും ഒരു തയ്യൽക്കാരിയായി ജോലി ചെയ്ത് സ്വന്തം കുടുംബം പോറ്റുന്ന സുഷമയുടെ ജീവിതശൈലി സ്പർശനീയമാണ്. ആലപ്പുഴ ജില്ലയിലെ തിരുനെല്ലൂരിലാണ് അവളുടെ വീട്. ചെറുപ്പത്തിലെ അച്ഛൻ നഷ്ടപ്പെട്ടു. കുടുംബഭാരം ഏറ്റെടുക്കേണ്ടി വന്നപ്പോൾ വൈകല്യം മറന്ന് തയ്യൽ തൊഴിലായി സ്വീകരിച്ചു. വിദ്യാർത്ഥിയായ സഹോദരൻ രാജേഷിനും രോഗിയായ അമ്മയ്ക്കും സുഷമയാണ് ആശ്രയം. ഇടതുകൈ കൊണ്ടാണ് അവൾ തുണി വെട്ടുന്നതും തുന്നുന്നതും. തന്റെ ശാരീരികവൈകല്യം അംഗീകരിച്ചുകൊണ്ടുതന്നെ, അവൾ ജീവിതത്തിൽ സമ്പൂർണ്ണ സംതൃപ്തി നേടുന്നു.

വൈകല്യങ്ങളെ അതിജീവിക്കാനും, നിഷ്പ്രഭമാക്കുവാനും പറ്റുന്ന നേട്ടങ്ങൾക്കായി യത്നിക്കുക. ശാരീരികവും മാനസികവുമായ ന്യൂനതകൾ ഏറിയും കുറഞ്ഞും എല്ലാവരിലുമുണ്ട്. അവ പരിഹരിക്കാൻ ഉതകുന്ന മറ്റൊരു സിദ്ധി വികസിപ്പിക്കുകയെന്നതാണ് ക്രിയാത്മകമായ സമീപനം.

ഒന്നരവയസ്സായപ്പോൾ ഇരുകാലുകളും തളർന്നെങ്കിലും വക്കീലായ തൃശൂർക്കാരനായ ജോസ് കല്ലൂക്കാരൻ സ്വന്തം അനുഭവങ്ങൾ പങ്കുവയ്ക്കുന്നു. സ്ക്കൂളിൽ കൂട്ടുകാർ കളിക്കളങ്ങളിൽ ഓടിക്കളിക്കുമ്പോൾ, അവന് ബോധ്യമായി : ‘ഇത് എനിക്ക് പറഞ്ഞിട്ടുള്ളതല്ല.’ തൃശൂർ മോഡൽ ബോയ്സ് ഹൈസ്ക്കൂളിലായിരുന്നു പഠനം. തുടർന്ന് പ്രീഡിഗ്രിയും ബി.കോമും സെന്റ് തോമസ് കോളേജിലും. 1997–ൽ തൃശൂർ ഗവൺമെന്റ് ലോ കോളേജിൽ നിന്ന് എൽ.എൽ.ബി. പാസ്സായി. ‘ഒരു വൈകല്യം വന്നാൽ എല്ലാം പോയെന്നു കരുതി ഉപേക്ഷിക്കുന്നവരാണ് നമ്മൾ. അങ്ങനെയല്ലെന്നു തെളിയിക്കുകയായിരുന്നു എന്റെ ലക്ഷ്യം.’ അഡ്വ.ജോസ് ചൂണ്ടിക്കാട്ടി. ഇത്രയും എത്തിയതെങ്ങനെയെന്ന് ചോദിച്ചപ്പോൾ ജോസിന്റെ മറുപടി ഇതായിരുന്നു : ‘ഇല്ലാത്തതിനെ ചൊല്ലി കരയാതെ ഉള്ളതിനെയോർത്ത് സന്തോഷിക്കുന്നവനെ ദൈവം നടത്തും.’

**ഉപസംഹാരം :** ആത്മഹത്യയ്ക്കുള്ള ചിന്ത ഒരിക്കലെങ്കിലും ജീവിതത്തിൽ ഉണ്ടാകാത്തവർ ഇല്ലെന്നു മനഃശാസ്ത്രജ്ഞന്മാർ ചൂണ്ടിക്കാണിക്കുന്നു. എന്നാൽ, വസ്തുതകളെ ശരിയായി തിരിച്ചറിയാനും കാര്യകാരണങ്ങളുടെ ബന്ധത്തെപ്പറ്റിയും ജീവിതാനുഭവങ്ങളെപ്പറ്റിയും സമഗ്രമായി ചിന്തിക്കുന്നതിനുള്ള കഴിവാണ് അത്തരം സാഹസങ്ങളെ അതിജീവിക്കാൻ നമ്മെ പ്രാപ്തരാക്കുന്നത്. പകലും രാവുംപോലെ സുഖവും ദുഃഖവും ഇടകലർന്നതാണ് ജീവിതം. ദുരിതങ്ങളൊന്നും അനുഭവിക്കാതെ സുഖസമ്പൂർണ്ണമായ ജീവിതം നയിക്കാൻ ആർക്കും സാധിക്കില്ല. ആപത്തെന്ന് നാം കരുതുന്ന പലതും പിന്നീട് അനുഗ്രഹമായി തീരാം. ആശിച്ചിരുന്നതു കിട്ടാതെ വരുമ്പോൾ ഇച്ഛാഭംഗം സമാധാനമാർഗ്ഗത്തിലേയ്ക്കുള്ള ചൂണ്ടു പലകയായിത്തീരാം. വേവലാതിപ്പെടുന്നതുകൊണ്ട് പ്രശ്നങ്ങൾക്ക് പരിഹാരം കാണുക സാധ്യമല്ല. ശാന്തതയോടും ധീരതയോടും അവയെ നേരിടുന്നതുകൊണ്ട് മാത്രമേ പരിഹാരം കണ്ടെത്തുവാൻ കഴിയൂ.

വിശ്വസിക്കുവാനും ആശ്രയിക്കുവാനും പറ്റിയ വ്യക്തികളുമായി നമ്മുടെ വിഷമങ്ങൾ പങ്കുവെയ്ക്കുമ്പോൾ, നമുക്ക് അവരുടെ പിൻബലമുണ്ടാകും. സഹാനുഭൂതി ലഭിക്കും. എല്ലാം നേരിടുന്നതിനുള്ള പ്രചോദനം പ്രേരണയും ആത്മവീര്യവും ലഭിക്കും. 'സന്തോഷം പങ്കുവയ്ക്കുമ്പോൾ അത് ഇരട്ടിക്കുന്നു. ദുഃഖം പങ്കുവെയ്ക്കുമ്പോൾ അത് പകുതിയാകുന്നു.' പാപത്തിൽ ഈ ലോകത്തു കടന്നുവന്ന ഉല്പന്നങ്ങളിൽ ചിലതാണ് ആധിയും വ്യാധിയും. ആധിയുടെ ഉപഉല്പന്നങ്ങളാണ് വ്യാകുലത. പക്ഷേ നമ്മുടെ കർത്താവായ യേശുക്രിസ്തു കാൽവരിയിൽ തന്റെ യാഗത്തിലൂടെ പാപത്തിന് പരിഹാരം വരുത്തിയതിനാൽ ഇനി ഉല്പന്നങ്ങളോ ഉപഉല്പന്നങ്ങളോ നമ്മെ ബാധിക്കില്ല; ഏശില്ല. ഇതുവരെ യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവായി സ്വീകരിക്കാത്തവർ ഇപ്പോൾത്തന്നെ നിങ്ങളുടെ പാപങ്ങളുടെ രക്ഷകനായും ജീവിതാഗ്രഹങ്ങളുടെ കർത്താവായിട്ടും സ്വീകരിക്കുക. രക്ഷിക്കപ്പെട്ട് നാളുകളായിട്ടും ഇപ്പോഴും നിരാശയിലും ദുഃഖത്തിലുമാണോ? ഇന്നു തന്നെ നിങ്ങൾ കർത്താവിങ്കലേക്ക് മടങ്ങി വരൂ! അവിടുത്തെ പച്ചയായ പുല്പുറങ്ങളുടെയും സ്വസ്ഥതയുള്ള വെള്ളത്തിന്റെയും ശീതളിമയും സുഖവും അനുഭവിച്ചറിയൂ! നിങ്ങളുടെ ജീവിതം പ്രാർത്ഥനയുടെയും, ദൈവവചന ധ്യാനത്തിന്റെയും ദൈവമക്കളുടെ കൂട്ടായ്മ എന്ന സുരക്ഷിത വലയത്തിന്റെയും അകത്താകട്ടെ!

നിരാശ പമ്പകടക്കും; പിശാച് തോറ്റോടും!!

**"യേശു എന്നുള്ളത്തിൽ വന്ന നാളിൽ എന്തുമാറ്റം വന്നു എന്നിൽ!**
**തന്നെ ഞാനുള്ളത്തിൽ ഏറ്റതാലെ എന്തുമാറ്റം വന്നു എന്നിൽ!"**

ഇഹലോക ജീവിതത്തിൽ തന്റെ ഏറ്റവും വിഷമതയേറിയ സമയത്ത് കർത്താവിന്റെ പ്രാർത്ഥന നമുക്കു കരുതേകട്ടെ: "അവരെ ലോകത്തിൽ നിന്നെടുക്കണം എന്നല്ല; ദുഷ്ടന്റെ കയ്യിൽ അകപ്പെടാതവണ്ണം അവരെ കാത്തുകൊള്ളണം എന്നത്രേ."

# സി.എസ്.ഐ കോയമ്പത്തൂർ ഡയോസിസ് - പാലപ്പള്ളം (ഈറോഡ്) സി.എസ്.ഐ ചർച്ച് കൺവെൻഷൻ





തമിഴ്നാട്ടിൽ ഈറോഡിനടുത്തുള്ള പാലപ്പള്ളം ഗ്രാമത്തിൽ നടന്ന കൺവെൻഷനുകൾ വളരെ അനുഗ്രഹപ്രദമായിരുന്നു. Rev.Poplin Missionary (London Mission) അവർകൾ ആദ്യമായി ഈ ഗ്രാമത്തിൽ സുവിശേഷം അറിയിച്ചു. വിശ്വസിച്ചവർക്കായി പള്ളി പണിതു. ഒരു ഗ്രാമത്തിന് മുഴുവൻ **ലണ്ടൻ മിഷൻ ഗ്രാമം** എന്ന പേര് സർക്കാർ തന്നെ നല്കിയത് ഇവിടെ മാത്രമാണ്. ഡിസ്ട്രിക്റ്റ് ചെയർമാൻ അദ്ധ്യക്ഷത വഹിച്ച ഈ യോഗങ്ങളെ സഭാശുശ്രൂഷകൻ റവ.എബനേസർ അവർകൾ നന്നായി ക്രമീകരിച്ചിരുന്നു. ദൈവനാമം മഹത്വപ്പെട്ടു.

## E - Mail

ജാമക്കാരൻ മാസിക ആവശ്യപ്പെടുന്നവരും പ്രാർത്ഥനാ വിഷയങ്ങൾ എഴുതി അറിയിക്കുന്നവരും ബാങ്ക് വഴിയായി പണം അയയ്ക്കുന്നവരും തങ്ങളുടെ പൂർണ്ണ വിലാസത്തോടൊപ്പം ഫോൺ നമ്പരും കൂടി എഴുതി അയച്ച് സഹായിക്കണം. എങ്കിൽ ഉടനെതന്നെ മറുപടി അയയ്ക്കുവാൻ കഴിയും. നിങ്ങളുടെ വിലാസത്തിൽ മാറ്റമുണ്ടെങ്കിൽ പഴയവിലാസവും പുതിയ വിലാസവും എഴുതി അറിയിക്കണം.



**Breaking News : US President – Donald Trump warned Narendra Modi Prime Minister:** US President Donald Trump warned Prime Minister of India, Narendra Modi at his office, from white house, Washington that, “Love your country as your religion we are all human, stop discriminating the Christian at your land (India)or want to give you a lesson from America?.-

Source : BBC News



**അമേരിക്കൻ പ്രസിഡന്റിന്റെ മുന്നറിയിപ്പ്**

അമേരിക്കൻ പ്രസിഡന്റ് ശ്രീ.ഡൊണാൾഡ് ട്രംപ് തന്റെ വൈറ്റ്ഹൗസ് ഓഫീസിൽ നിന്ന് ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ.നരേന്ദ്രമോദിക്കു ഒരു അടിയന്തിര സന്ദേശം അയച്ചിരുന്നു. അതിൽ സമീപകാലമായി ജനാധിപത്യ വിരുദ്ധമായ ഇന്ത്യയിൽ മതസഹിഷ്ണുത കുറഞ്ഞു വരുന്നുവെന്നും; മതന്യൂനപക്ഷങ്ങൾക്കെതിരെ വിവിധ കോണുകളിൽ നിന്ന് അതിക്രമങ്ങൾ വർദ്ധിച്ചു വരുന്നുവെന്നും അറിയിച്ചിരിക്കുന്നു. ഉത്തരവാദിത്തപ്പെട്ട വ്യക്ത എന്ന നിലയിൽ മതഭീകരരെ നിലയ്ക്കു നിറുത്തണമെന്നും മതന്യൂനപക്ഷങ്ങൾക്കു വേണ്ട സംരക്ഷണം നല്കണമെന്നും അല്ലാത്തപക്ഷം ഈ വിഷയത്തിൽ അമേരിക്കയ്ക്ക് ഇടപെടേണ്ടി വരുമെന്നും സന്ദേശത്തിൽ അറിയിച്ചിരിക്കുന്നു.

**APRIL 2018**

# Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.